തെന്ന് അറിയില്ലെന്ന്. എന്നാൽ പിന്നീട് ബഹുമാനപ്പെട്ട ഗൗരിയമ്മ തന്നെ പറഞ്ഞു, ഇവിടെ മൂന്നു നോട്ടിഫിക്കേഷനുകളും വന്നിട്ടുണ്ടെന്ന്. അതുശരിയാണ്. അതെന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 1977–ൽ Kerala raw cashew nuts–നെ സംബന്ധിച്ച് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് ഇഷ്യൂ ചെയ്ത നോട്ടിഫിക്കേഷനുണ്ട്. അത് സുപ്രീം കോടതി റദ്ദാക്കി. അതിനെത്തുടർന്നാണ് മറെറാരു നിയമം ഈ സഭയിൽ അവതരിപ്പിച്ചത്.

രണ്ടാമത്തെ നോട്ടിഫിക്കേഷൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചതാണ്. 20–6–1981–ൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒരു നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തു. അതിപ്പോഴും നിലവിലുണ്ട്. മറെറാന്ന് 24–10–1984–ൽ വാട്ടർ ആൻറ് പവ്വർ ഡിപ്പാർട്ടുമെൻറ് പുറപ്പെടുവിച്ച ഒരു നോട്ടിഫിക്കേഷനാണ്. ഈ മൂന്നു നോട്ടിഫിക്കേഷനുകളും മാത്രമേ എന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളൂ. ഈ നിയമത്തിൽ എല്ലാവർക്കും സ്വാഗതാർഹമായ 4 (എ) എന്നൊരു പ്രൊവിഷൻകൂടി ചേർത്തിട്ടുണ്ട്. 4(എ) പ്രകാരം ഇത് സംബന്ധിച്ച് വളരെ സീപ്പിംഗായിട്ടുള്ള, നിയമപ്രകാരമുള്ള ഓർഡറുകളും ഈ സഭയുടെ മേശപ്പുറത്തു വയ്ക്കാനാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിയമപ്രകാരമുള്ള ഓർഡറുകളും ഈ സഭയുടെ മേശപ്പുറത്തു വയ്ക്കാനാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് ഏത് ഉത്തരവു വന്നാലും, അതിന്റെ നോട്ടിഫിക്കേഷനുകളും ഈ സഭയുടെ മേശപ്പുറത്തുണ്ടായിരിക്കുന്നതാണെന്ന് ഉറപ്പു പറയാം. മറെറാരുകാര്യം എനിക്ക് പറയാനുള്ളത്, ഇന്ന് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം ഒരു സാധനത്തെ എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിക്കാം. നടപടിചട്ടങ്ങളോ നിയമപരമായ നൂലാമാലകളോ സംസ്ഥാന ഗവൺമെൻറിനു യാതൊരു ബുദ്ധിമുട്ടും സൃഷ്ടിക്കുന്നില്ല. സംസ്ഥാന ഗവൺമെൻറ് സ്വന്തമായി ഒരു ആർട്ടിക്കിൾ എസൻഷ്യലാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്. അങ്ങനെ പ്രഖ്യാപിച്ചാൽ അതിനെ സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അഭിപ്രായം പറയാനുള്ള അവസരവും നൽകിയിട്ടുണ്ട്. ഈ സ്വാഗതാർഹമായ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

1985–ലെ അവശ്യസാധന നിയന്ത്രണ ബിൽ പാസ്സാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1985–ലെ അവശ്യസാധന നിയന്ത്രണബിൽ പാസ്സായി.

(3) 1986–ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണനിർവ്വഹണം ഏറെടുക്കൽ) ഭേദഗതി ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986–ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക്. എടുക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, എനിക്ക് ഇതിനകത്ത് പ്രത്യേകമായി ഒന്നും പറയാനില്ല. സബ്ജക്ട് കമ്മിറ്റിക്ക് പോയ അവസരത്തിൽ പത്തു വർഷമെന്നുള്ളത് പതിനൊന്നു വർഷമാക്കി മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ തീരുമാനമെടുക്കാനുണ്ടായ് കാരണം 1977—ലാണ് ആദ്യം ഗ്രന്ഥശാലാസംഘം ഏറെറടുത്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. അത് പിന്നീട് ആക്ട് ആക്കി മാറ്റി. 1982—ൽ അതിന്റെ കാലാവധി അവസാനിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ അതിൻമേൽ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വന്നതുകൊണ്ട് 1982—ൽ ഈ ഗവൺമെൻറ് വന്നയവസരത്തിൽ നേരത്തേ ഉണ്ടായിരുന്ന ആക്ട് അനുസരിച്ചുള്ള ആ സമയപരിധി കഴിഞ്ഞിരുന്നു. അതായത് 5 വർഷം പൂർത്തിയായിരുന്നു. പിന്നീട് ഓർഡിനൻസ് വരുന്നതുവരേയും അതിന്റെ രേണനിർവ്വഹണം ചില ബുദ്ധിമുട്ടുകൾക്കു വിധേയമായിട്ടാണ് നടത്താൻ കഴിഞ്ഞത്. ഇപ്പോഴത്തെ സ്ഥിതിയെന്നു പറയുന്നത് പത്തുവർഷമാണെങ്കിൽ 1987 മാർച്ച് മാസത്തിൽ ഇതിന്റെ കാലാവധി അവസാനിക്കും. 1987 മാർച്ചുമാസത്തിൽ കാലാവധി അവസാനിക്കുന്നതിനുമുമ്പ് പബ്ലിക് ലൈബ്രറി ബിൽ നമുക്കു പാസ്സാക്കാൻ കഴിയുമെങ്കിൽ ഇത് റിപ്പീൽ ചെയ്തുപോകുന്നതിന് ബുദ്ധിമുട്ടില്ല. പതിനൊന്നു വർഷമാകുമ്പോൾ 1988 മാർച്ചുവരെ ഇതിന്റെ കാലാവധി ദീർഘിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ എന്തെങ്കിലും കാരണവശാൽ ഏഴാം കേരള നിയമസഭ കഴിയുന്നതിനു മുമ്പായി കൺട്രോൾ ബോർഡിന്റെ പ്രവർത്തനം ഏർപ്പെടുത്തിക്കൊണ്ടുള്ള കാര്യത്തിനു പകരമായി അല്ലെങ്കിൽ പൊതുവായിട്ടുള്ള പബ്ലിക് ലൈബ്രറി ബിൽ നമുക്ക് പാസ്സാക്കാൻ കഴിയാതെ വരികയാണെങ്കിൽ ഇനി വരുന്ന ഗവൺമെൻറിന് അങ്ങനെ ഒരു നിയമം നിർമ്മിക്കാനുള്ള സാവകാശം കൊടുക്കേണ്ടത് ആവശ്യമായിട്ടുണ്ട്. ഇപ്പോഴത്തെ വ്യവസ്ഥയിൽ പോയാൽ 1987 മാർച്ച് കഴിഞ്ഞതിനുശേഷമുള്ള ഒരു കാലയളവിൽ ഒന്നുകിൽ ഓർഡിനൻസ് വേണ്ടിവരും അതല്ലെങ്കിൽ നിയമസഭതന്നെ അടിയന്തിരമായി ബിൽ പാസ്സാക്കേണ്ടതായി വരും. സബ്ജക്ട് കമ്മിറ്റിയിൽ ഇത് പരിഗണിച്ചപ്പോൾ അങ്ങനെ ഒരു അവസ്ഥാവിശേഷമുണ്ടായി. ഇപ്പോൾ നടക്കുന്ന ഭരണത്തിന് ഒരു സ്തംഭനം ഉണ്ടാകരുതെന്നുള്ളതുകൊണ്ട് അത് പതിനൊന്നു വർഷമാക്കി മാറ്റിയിട്ടുണ്ട്. അങ്ങനെ ഒരു ഭേദഗതി മാത്രമാണു വരുത്തിയിട്ടുള്ളത്.

ശ്രീ. എ. കെ. പത്മനാഭൻ: സർ, 1986—ലെ ഗ്രന്ഥശാലാസംഘം (രേണനിർവ്വഹണം ഏറെറടുക്കൽ) ഭേദഗതി ബില്ലിന്റെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് ഞാൻ വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾതന്നെ ഒരുകാര്യം വളരെ വ്യക്തമായി. ഗ്രന്ഥശാലാസംഘം ബിൽ ഈ നിയമസഭയുടെ കാലാവധിക്കുള്ളിലൊന്നും പാസ്സാക്കിയെടുക്കാൻ ഗവൺമെൻറിനു താല്പര്യമില്ലെന്ന്. അടുത്തു വരുന്ന നിയമസഭയിൽ ഈ ബിൽ പാസ്സാക്കിയെടുക്കുന്നതിനുള്ള നിയമതടസ്സമുണ്ടാകാതിരിക്കാൻ വേണ്ടിയാണ് 11 വർഷമായി മാറ്റിയെടുക്കാൻ സബ്ജക്ട് കമ്മിറ്റി തീരുമാനിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. നമ്മെ സംബന്ധിച്ചിടത്തോളം ഈ ഗ്രന്ഥശാലാ ബിൽ പാസ്സാക്കിയെടുക്കാൻ ആത്മാർത്ഥമായ ആഗ്രഹം ഗവൺമെൻറിനുണ്ടായിരുന്നുവെങ്കിൽ വളരെയെളുപ്പത്തിൽ കഴിയുമായിരുന്നു. 1977—ൽ തന്നെ സമഗ്രമായ ഒരു ഗ്രന്ഥശാലാബിൽ ഈ നിയമസഭയിൽതന്നെ അവതരിപ്പിക്കുമെന്ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ജനാബ് സി. എച്ച്. മുഹമ്മദ്കോയ പറഞ്ഞതാണ്. സഭയുടെ എല്ലാ ഭാഗത്തു നിന്നും പൂർണ്ണമായ പിന്തുണയുണ്ടാകുമെങ്കിൽ ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ പാസ്സാക്കിയെടുക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. പക്ഷേ അതു നടന്നില്ല. ഇപ്പോഴാണെങ്കിൽ ഈ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിയെടുക്കാനുള്ള ഓർഡിനൻസിനെയാണ് ഞങ്ങളെതിർക്കുന്നത്. എന്നാൽപോലും ഓർഡിനൻസ് വേണമെങ്കിൽ കൊണ്ടുവരാൻ സാധിക്കുകയില്ലേ? നമ്മുടെ ഏതെല്ലാം കാര്യത്തിൽ ഓർഡിനൻസ് പാസ്സാക്കിയ ആളുകളാണ്. ഓർഡിനൻസിന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റി വരെ നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലനിൽക്കുകയാണ്. ആ യൂണിവേഴ്സിറ്റിക്ക് യു. ജി. സി. യുടെ അംഗീകാരംപോലും ഇന്നു വാങ്ങിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ദേവസ്വം ബോർഡിലേയ്ക്ക് ഹിന്ദു എം. എൽ. എ. മാരിൽനിന്നുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള സന്ദർഭം വന്നപ്പോഴും, അന്നിവിടെ പ്രതിപക്ഷത്തിനു ഭൂരിപക്ഷം കിട്ടാൻ പോകുന്നെന്നു മനസ്സിലാക്കിയപ്പോൾ അതു മാറുന്നതിനു വേണ്ടിവരെ ഓർഡിനൻസ് പുറപ്പെടുവിച്ച ഒരു ഗവൺമെന്റാണിന്ന് ഇവിടെ ഭരിക്കുന്നത്. അതുകൊണ്ട് ഗ്രന്ഥശാലാ ബിൽ പാസ്സാക്കിയെടുക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹം നിങ്ങളെ സംബന്ധിച്ചിടത്തോളമില്ല. ഈ സന്ദർഭത്തിൽ എനിക്കു പറയാനുള്ളത് നമ്മുടെ സംസ്ഥാനത്തിൽ ഇന്നു നിലവിലുള്ള ഗ്രന്ഥശാലകളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞ കൂട്ടത്തിൽ മലബാറിലെ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ സ്ഥിതി പറഞ്ഞു. ആ ലോക്കൽ ലൈബ്രറി അതോറിറ്റി മലബാറിലെ നാലു ജില്ലകളിലായി ഭാഗിച്ച് അതിനു പ്രത്യേകം പ്രത്യേകം അതോറിറ്റികളുണ്ടാക്കാൻ വേണ്ടിയാണ് ഗവൺമെന്റ് തീരുമാനിച്ചതെന്നാണു പറയുന്നത്. ലോക്കൽ ,ലൈബ്രറി അതോറിറ്റിയെസംബന്ധിച്ചിടത്തോളമാണെങ്കിൽ വളരെ പഴക്കമുള്ള ഒരു സ്ഥാപനമാണത്. അതിന്റെ കീഴിൽ ഇന്ന് വളരെ പഴകിയ പുസ്തകങ്ങളാണുള്ളത്. ആ പഴയ പുസ്തകങ്ങളാണ് അതിന്റെ കീഴിലുള്ള പല സ്ഥലങ്ങളിലുമുള്ള ലൈബ്രറികളിൽ കിട്ടുന്നത്. അതുകൊണ്ട് കോഴിക്കോട് ആസ്ഥാനമാക്കി ഇതുവരെയുണ്ടായിരുന്ന ആ ലോക്കൽ ലൈബ്രറി അതോറിറ്റിയിലെ പുതിയ ഭരണസമിതിയാണ് ലോക്കൽ ലൈബ്രറി അതോറിറ്റിക്കാവശ്യമായ പുതിയ പുസ്തകങ്ങൾ വരുത്താനും അവിടെ കെട്ടിടങ്ങൾ ഉണ്ടാക്കാനുമൊക്കെ ഗവൺമെന്റിൽനിന്ന് അനുമതി വാങ്ങിയത്. പക്ഷേ അത് ലോക്കൽ ലൈബ്രറി അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അതിനാവശ്യമായ ഫണ്ട് കൊടുത്തുകൊണ്ട് അവിടെയുള്ള ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ പുസ്തകം വാങ്ങിച്ചെടുക്കാൻ സാധിക്കുകയില്ലെന്നു വ്യക്തമാണല്ലോ. അതുകൊണ്ട് പുസ്തകം വാങ്ങിക്കാനാവശ്യമായ ഫണ്ട് കൊടുക്കണം.

അതുപോലെതന്നെ തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറിയുടെ ശോചനീയാവസ്ഥയെക്കുറിച്ച് കേരളത്തിലെ പ്രമുഖമായ പത്രങ്ങളെല്ലാം കുറേക്കാലമായി എഴുതിക്കൊണ്ടിരിക്കുകയാണ്. മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി, ഇൻഡ്യൻ എക്സ്പ്രസ്സ് , തുടങ്ങിയ പത്രങ്ങളും കലാകൗമുദി തുടങ്ങിയ വാരികകളുമെല്ലാം തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറിയുടെ ശോചനീയാവസ്ഥയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അയ്യായിരത്തോളം അമൂല്യഗ്രന്ഥങ്ങൾ അവിടെയുണ്ടെന്നാണു പറയുന്നത്. ഈ അമൂല്യഗ്രന്ഥങ്ങൾപോലും ചപ്പുചവറുകളുടെ കൂട്ടത്തിലിട്ടിട്ട് നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള ഒരു സ്ഥിതിയാണവിടെയുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അവിടെ മിന്നൽപരിശോധന നടത്തിയെന്നും അവിടെയുള്ള ശോചനീയ സ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്താൻവേണ്ടി, ഹയർ എഡ്യുക്കേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെന്നും പത്രങ്ങളിൽനിന്നു വായിച്ചു. ആ അന്വേഷണത്തിന്റെ ഫലമെന്താണ്? അവിടെ സ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

പിക്കപ്പെട്ട അമൂല്യഗ്രന്ഥങ്ങൾ പകർത്തിയെടുക്കാനാവശ്യമായ മൈക്രോ ഫിലിം യൂണിറ്റിന്റെ യന്ത്രങ്ങൾ പോലും ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. എയർ കണ്ടീഷനറുകൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അങ്ങനെ നമുക്ക് അമൂല്യമായി ലഭിക്കുന്ന ഈയടുത്തകാലത്ത് ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ഒട്ടേറെ ഗ്രന്ഥങ്ങൾ അവിടെ ചീഞ്ഞു തകരാൻ പോകുകയാണ്. ആ കാര്യത്തിലാണെങ്കിൽ ആ ലൈബ്രറിയെ സംബന്ധിച്ചിടത്തോളം അതിന്റെ മേധാവിത്വം വഹിക്കുന്ന ആളുകൾക്ക് ലൈബ്രറി നന്നായി നടത്താനും യാതൊരു താൽപ്പര്യവുമില്ല. അവിടെയുള്ള ഒരു ലൈബ്രേറിയനെപ്പറ്റി 'കലാകൗമുദി' വാരിക എഴുതിയിട്ടുണ്ട്. ആ ലൈബ്രേറിയൻ പറയുന്നത് അവിടെ തകഴി ശിവശങ്കരപ്പിള്ളക്ക് അവാർഡു ലഭിച്ച 'കയർ' എന്ന പുസ്തകം പോലും കിട്ടാനില്ലെന്നാണ്. എന്തുകൊണ്ടാണ്? 'കയർ' എന്ന നോവൽ ഇപ്പോഴും പ്രസിദ്ധീകരണ ശാലയിൽനിന്നു കിട്ടാത്തതുകൊണ്ടല്ല. നേരേമറിച്ച് ലൈബ്രേറിയൻ ആവശ്യപ്പെടുന്നത് 50 ശതമാനം കമ്മീഷനാണ്. തകഴിയുടെ 'കയർ' എന്നുപറയുന്ന അവാർഡ് ലഭിച്ച നോവലിന് 50 ശതമാനം കമ്മീഷൻ കിട്ടില്ല. മറ്റു പല നോവലുകൾക്കും പൈങ്കിളി സാഹിത്യങ്ങൾക്കുമൊക്കെ എഴുപതും എൺപതും ശതമാനംവരെ കമ്മീഷൻ കിട്ടുന്ന സാഹചര്യത്തിൽ 'കയർ' എന്ന നോവൽ കിട്ടിയില്ലെങ്കിലും വേണ്ടില്ല, വിശ്വപ്രഖ്യാതമായ സാഹിത്യകൃതികളൊന്നും ലഭിച്ചില്ലെങ്കിലും വേണ്ടില്ല വെറും കമ്മീഷൻ മാത്രം ലഭിച്ചാൽമതിയെന്ന ഒരു മനോഭാവമാണ് ലൈബ്രേറിയന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന ആക്ഷേപം 'കലാകൗമുദി' പോലുള്ള വാരികകളിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. അങ്ങനെ തിരുവനന്തപുരത്തെസംബന്ധിച്ചിടത്തോളം മാത്രമല്ല, നമ്മുടെ സംസ്ഥാനത്താകെ അഭിമാനോജനമായ ലൈബ്രറി നശിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്. അവിടെ അഞ്ഞൂറോളം ആളുകൾ ദിവസം വരുന്നസ്ഥാനത്ത് ഇന്ന് നൂറിലേറെപ്പേർ ആളുകൾ മാത്രമാണ് നിത്യസന്ദർശകരായി വരുന്നതെന്നാണ് പറയുന്നത്. അതുകൊണ്ട് ഈ ലൈബ്രറി ബിൽ പാസ്സാക്കുന്നതിൽ കാലതാമസം നിങ്ങൾ വരുത്തിയാലുംശരി ഈ ലൈബ്രറിയെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്തുള്ള ലൈബ്രറികളിൽ ഏറ്റവും പുതിയ പുസ്തകങ്ങൾ വാങ്ങിക്കാനും ആ ലൈബ്രറിയുടെ നിലനിൽപ്പിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകാനും നിങ്ങൾ തയ്യാറാകണം. അതോടൊപ്പംതന്നെ ഒരു ലൈബ്രറി ബിൽ പാസ്സാക്കിയെടുക്കാൻ നടപടികൾ അടിയന്തിരമായി നടത്തണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

Shri. S. Govindakurup: Sir, I move that the Kerala Grandhasala Sangham (Taking over of Management) Amendment Bill, 1986 as reported by the Subject Committee be circulated for obtaining public opinion.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നമ്മുടെ രാജ്യത്ത് യഥാർത്ഥ സ്വഭാവത്തിന്റെ പ്രതിഫലനം നമ്മുടെ ജീവിതത്തിൽ വളരെ അപൂർവ്വമായി കിട്ടുന്ന ചില സന്ദർഭങ്ങളാണ്. ഞങ്ങളാരും ഇടിച്ചുകയറി ഇതുപോലുള്ള കാര്യത്തിൽ വരാറില്ല. ഞങ്ങൾക്ക് സ്വൽപം സമയം സംസാരിക്കാൻ അനുവദിക്കണം. ഒരു നിയന്ത്രണമുണ്ടാകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങ് സംസാരിക്കുന്നതിൽ യാതൊരു വിരോധവുമില്ല. കൂടുതലാളുകൾക്ക് സംസാരിക്കാൻ ചാൻസ് കിട്ടണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: പരമാവധി ഞങ്ങൾ അത് ചെയ്യാം. ഈ ബിൽ കൊണ്ടുവന്നിരിക്കുന്ന മന്ത്രി പ്രതിപക്ഷത്തായിരുന്നുവെങ്കിൽ ആ സൗജന്യം ഞങ്ങൾക്ക് കിട്ടുകയില്ലായിരുന്നു. അതായത് ഞങ്ങൾ അപ്പുറത്തിരുന്നുവെങ്കിൽ. എന്നാൽപ്പോലും ഞങ്ങൾ കുറെ നീതികൃണിക്കുന്നവരായതുകൊണ്ട് അത് അംഗീകരിക്കാം. സർ, ഗ്രന്ഥശാലാ സംഘത്തെസംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ എന്തിനാണ് ഇങ്ങനെയൊരു കൺട്രോൾ ബോർഡിനെ വച്ചിരിക്കുന്നത്? നമുക്കറിയാം നാട്ടിൻപുറത്തെ ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നത് ഗവൺമെന്റ് പണംകൊടുത്തും അവിടെ ആളുകളെ ശമ്പളത്തിനു നിർത്തിയുമല്ല. അങ്ങനെ സംഘടിപ്പിച്ച ഏതെങ്കിലും സ്ഥാപനമല്ല ഗ്രന്ഥശാല. ഓരോ ഗ്രാമത്തിലുമുള്ള ആളുകൾ നാട്ടുകാരുടെ കൈയിൽനിന്ന് പിച്ചക്കാശും പിടിയരിയും വാങ്ങിയും ഓരോ തെങ്ങിൽനിന്നും തേങ്ങയടത്തും ഓല ചുമന്നും മറ്റും അദ്ധ്വാനിച്ചുണ്ടാക്കിയ പണമുപയോഗിച്ചാണ് നാലായിരത്തോളം സ്ഥാപനങ്ങൾ കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാക്കിയിട്ടുള്ളത്. വലിയ ഒരു ശൃംഖലയാണിത്. ഇൻഡ്യയിൽ വേറൊരു സംസ്ഥാനത്തിലും ഇത്തരം ബൃഹത്തായ ഒരു ഗ്രന്ഥശാലാ ശൃംഖല ഇല്ല. ഇത് നമ്മുടെ സാംസ്കാരിക ജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനം എടുത്തു പറയേണ്ട കാര്യമില്ല. ഇൻഡ്യയിൽ കേരളത്തിന്റെ പ്രബുദ്ധതയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനങ്ങളിലൊന്ന് നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ വൈപുല്യംതന്നെയാണ്. ഈ വിപുലമായ ഗ്രന്ഥശാലാ പ്രസ്ഥാനത്തോട് സഹിഷ്ണുതയോടുകൂടി നോക്കിക്കാണാൻ കഴിയാത്ത ചിന്താഗതിയുടെ പ്രതിഫലനമാണ് ഇപ്പോഴത്തെ ഈ സ്ഥിതി വിശേഷം.

ഈ നിയമം 1977—ൽ വന്നു. അതു വന്നതുതന്നെ നമുക്കെല്ലാവർക്കും അറിയാം. ഞാൻ എന്റെ കഴിവുകളെപ്പറ്റി ബോധവാനല്ലെങ്കിൽ നിശ്ചയമായും അതിരു കടന്ന പ്രവൃത്തികൾ ചെയ്യാൻ ഞാൻ നിർബന്ധിതനാകും. എന്റെ കഴിവുകൾ ഇത്രമാത്രമേ ഉള്ളൂ എന്ന് മനസ്സിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ കഴിയാത്ത അതിരു കടന്ന പ്രവൃത്തികൾ ചെയ്യുന്നത് ഏറ്റവും ആത്മഹത്യാപരമായ നടപടിയായിരിക്കും. ഒരു കാലത്ത് ഗ്രന്ഥശാലാ സംഘത്തിന്റെ എല്ലാമെല്ലാമായിരുന്ന, അതിന്റെ കഴിവുകൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ഒരു പ്രവർത്തകനുണ്ടായിരുന്നു. അദ്ദേഹത്തെക്കാൾ പ്രസ്ഥാനം വളർന്നു കഴിഞ്ഞപ്പോൾ അതിന് ശാസ്ത്രീയമായ വേർതിരിവ് ആവശ്യമായി വന്നു. ലോകത്ത് എവിടെയും ഗ്രന്ഥശാലാ പ്രസ്ഥാനം വളർന്നു പന്തലിക്കുന്നതിന് ശാസ്ത്രീയമായ വീക്ഷണം ആവശ്യമായിരുന്നു. ആ ശാസ്ത്രീയമായ വീക്ഷണം ഉൾക്കൊള്ളാനുള്ള കഴിവില്ലാത്തതിന്റെ ഫലമായി കാര്യങ്ങൾ കൊണ്ടു ചെന്നെത്തിച്ചതിന്റെ ആകെത്തുകയാണ് നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ തകർച്ച. വാസ്തവത്തിൽ ഇത്രയും ആപൽക്കരമായ താല്ക്കാലികമായുണ്ടായ തർക്കം അല്ലെങ്കിൽ ചില ആളുകൾ തമ്മിലുണ്ടായ തർക്കം ആണ് ഇത്. ഞാൻ ഗ്രന്ഥശാലാ സംഘത്തിന്റെ ഏക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പതിനഞ്ചുകൊല്ലക്കാലം പ്രവർത്തിച്ചിരുന്നു. ബഹുമാന്യനായ, ഏറ്റവും വലിയ പണ്ഡിതനായ പനമ്പിള്ളി ഗോവിന്ദമേനോൻ അതിന്റെ പ്രസിഡന്റായിരുന്ന കാലത്ത് ഞാൻ അതിന്റെ വർക്കിംഗ് കമ്മിറ്റിയിൽ പ്രവർത്തിച്ചിരുന്നു. കെ. ദാമോദരൻ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറായിരുന്ന കാലത്ത് ഞാൻ വർക്കിംഗ് കമ്മിറ്റിയിൽ പ്രവർത്തിച്ചിരുന്നു. അങ്ങനെ ഭാവനാ സമ്പന്നൻമാരും പണ്ഡിതൻമാരുമായ ആളുകൾ അത് നയിച്ചിരുന്ന കാലത്ത് അതിൻറെ പ്രവർത്തനത്തിൽ പങ്കെടുത്ത് പിന്നീടുള്ള സന്ദർഭത്തിൽ ചില അസൗകര്യങ്ങൾകൊണ്ട് അതിന് കഴിയാതെ പോയ ആളാണ് ഞാൻ. പക്ഷേ ആ കാലത്തൊന്നും ഉണ്ടാകാത്ത തരത്തിലുള്ള കുടിപ്പകയും അല്ലെങ്കിൽ തൻറെ കൊക്കിൽ ഒതുങ്ങുന്നില്ലെങ്കിൽ ഇവരെ കശാപ്പു ചെയ്യുക എന്നുള്ളതരത്തിൽ ചിന്തിക്കുന്ന കുറെ ആളുകൾക്കു അതിൻറെ നിയന്ത്രണം വേണമെന്ന് ആവശ്യപ്പെടുകയും അങ്ങനെ അത് മന്ദീഭവിക്കുകയും ചെയ്തു. ദൗർഭാഗ്യവശാൽ അതിന് ഇതുവരെ ഒരു നിയമമുണ്ടാക്കാൻ നമുക്കു കഴിഞ്ഞില്ല. ഇതു പറയുമ്പോൾ അപ്പുറത്തുനിന്ന് ചോദ്യം ചോദിക്കും, നിങ്ങളും 21 മാസക്കാലം ഭരിച്ചില്ലേ? അന്ന് നിങ്ങൾക്ക് ഇതു കൊണ്ടുവരാമായിരുന്നില്ലേയെന്ന്. ഞങ്ങൾ അതിന് ശ്രമിച്ചിരുന്നു. അതിനുള്ള എല്ലാ തരത്തിലുള്ള നടപടികളും നടത്തി. ഈ പോരായ്മ ഈ മഹാപ്രസ്ഥാനത്തിൻറെ പ്രവർത്തനത്തെ ഹനിക്കുന്ന തരത്തിലായതുകൊണ്ട് അത് ഏറ്റവും വേഗം ജനാധിപത്യ സ്വഭാവമുള്ളതാക്കി തീർക്കാൻ, ജനാധിപത്യ സ്വഭാവമെന്നു പറഞ്ഞാൽ, നാട്ടിൻപുറങ്ങളിൽ ഒരു പ്രതിഫലേച്ഛയും കൂടാതെ സ്വന്തം പോക്കറ്റിൽ നിന്ന് ഒരു രൂപയും 50 പൈസയും രണ്ടു രൂപയും അംഗത്വത്തിനു കൊടുത്ത് ചേരുന്ന അംഗങ്ങൾ പൊതുയോഗംകൂടി തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഗ്രന്ഥശാലാ കമ്മിറ്റി, ആ കമ്മിറ്റി തിരഞ്ഞെടുക്കുന്ന താലൂക്ക് യൂണിയൻ, താലൂക്ക് യൂണിയൻ തിരഞ്ഞെടുക്കുന്ന ജില്ലാ കമ്മിറ്റി, ആ ജില്ലാ കമ്മിറ്റിയിൽനിന്ന് വരുന്ന സ്റ്റേറ്റ് കമ്മിറ്റി അങ്ങനെ ഏറ്റവും ജനാധിപത്യപരമായ കക്ഷിവ്യത്യാസത്തിനതീതമായ ഗ്രന്ഥശാലാ സംഘം ഉണ്ടാകണം. കക്ഷിവ്യത്യാസത്തിന് അതീതമായി വളർത്തിക്കൊണ്ടുവന്ന പ്രസ്ഥാനത്തിൽനിന്ന് വ്യത്യസ്തമായ തരത്തിൽ ഇത് പോകാൻ ഇടവരുന്ന തരത്തിലേക്ക് കാര്യങ്ങൾ വന്നു. ഏതായാലും ശരി, അത് നമ്മുടെ ജനാധിപത്യത്തിന് ചേർന്നതല്ല. ഈ ഗവൺമെൻറ് തീരുമാനിച്ചാൽ മണിക്കൂറുകൾക്കകം നിയമനിർമ്മാണത്തിനാവശ്യമായ നിർദ്ദേശം നൽകാനും നിയമം ഡ്രാഫ്റ്റ് ചെയ്യാനും കഴിയുന്ന ലാ ഡിപ്പാർട്ടുമെൻറിൻറെ ഉദ്യോഗസ്ഥൻമാർ ഇവിടെയുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ ഐ. എ. എസ്., പാസ്സായവരും സമർത്ഥൻമാരും ഉണ്ട്. പക്ഷേ ഈ ഗവൺമെൻറിന് അതാവശ്യമില്ല. ജനാധിപത്യ മൂല്യങ്ങളിൽ പ്രത്യക്ഷത്തിൽ പരസ്യമായി കൂറു പുലർത്തുന്നുവെന്ന് ഭാവിക്കുകയും ജനാധിപത്യ മൂല്യങ്ങളെ തകർക്കുന്നതിന്, ഉള്ളിനെറ ഉള്ളിൽ വെടിപ്പ് വച്ച് പുലർത്തുകയും ചെയ്യുന്ന ഉള്ളടക്കമാണ് ഈ ഗവൺമെൻറിൻറെ എല്ലാ നടപടികളിലും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി ഇന്ന് ഞാൻ, എൻറെ ഒരു അനന്തിരവൾ കുട്ടിയുടെ മാർക്ക് ലിസ്റ്റ് വാങ്ങിക്കുവാൻ യൂണിവേഴ്സിറ്റി ആഫീസിൽ പോയി: കഴിഞ്ഞ ദിവസം ഞാൻ വീട്ടിൽ ചെന്നപ്പോൾ മാർക്ക് ലിസ്റ്റ് ഇന്ന് വരുമെന്നു പറഞ്ഞു. എസ്. എൻ. കോളേജിലാണ് അവൾ പഠിക്കുന്നത്. എസ്. എസ്. എൽ. സി. ക്ക് 560 മാർക്ക് വാങ്ങിച്ച കുട്ടിയാണ്: പ്രീ-ഡിഗ്രി എഴുതി, മെഡിസിന് എൻട്രൻസെഴുതാൻ വേണ്ടി കാത്തിരിക്കുകയാണ്. ആ കുട്ടിയുടെ മാർക്ക് ലിസ്റ്റിനുവേണ്ടിയാണ് ഞാൻ യൂണിവേഴ്സിറ്റി ആഫീസിൽ പോയത്. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച വാസ്തവത്തിൽ എനിക്ക് വളരെ അമർഷം തോന്നി. ശ്രീ. ടി. എം. ജേക്കബിനോട് എനിക്ക് വലിയ ഇഷ്ടമാണ്. പക്ഷേ അവിടെനിന്നു കരയുന്ന പെൺകുട്ടികളുടെ കണ്ണുനീര് കാണേണ്ടതായിരുന്നു. അവിടെ ചെന്നപ്പോൾ വി. സി. എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതാണ് അവിടെയില്ല. പരീക്ഷാ കൺട്രോളർ അവിടെ ഇല്ല. പരീക്ഷാ കൺട്രോളറുടെ പി. എ. അവിടെ ഇല്ല. രജിസ്ട്രാറെ അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒരു ബന്ധു മരിച്ചു, അവിടെ പോയിരിക്കുകയാണെന്നറിഞ്ഞു. ഈ തരത്തിൽ അവിടെ ആയിരത്തോളം പെൺകുട്ടികൾ രക്ഷാകർത്താക്കൾ സഹിതം വന്ന് എന്തു ചെയ്യണമെന്നറിയാതെ കരഞ്ഞുകയാണ്. അവിടത്തെ ഒരു ശിപായിയോട് ചോദിച്ചപ്പോൾ നിങ്ങൾ അങ്ങോട്ടു പോകാൻ പറഞ്ഞു. അവർ കൂട്ടത്തോടെ അങ്ങോട്ടു പോകുന്നു. അവസാനം സഹികെട്ട് ഒരു പെൺകുട്ടി, ഈ കാലമാടൻമാർ മുടിഞ്ഞു പോകണേ എന്ന് പ്രാകുകയുണ്ടായി.

ശ്രീ. വി. ജെ. തങ്കപ്പൻ: നമ്മുടെ വിദ്യാഭ്യാസ മന്ത്രി പെൺകുട്ടികളെ കഷ്ടപ്പെടുത്തി കണ്ടു രസിക്കുന്ന ഒരു സാഡിസ്റ്റാണെന്നുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഞാൻ അത്രത്തോളം പോകുന്നില്ല. നമ്മുടെ സാംസ്കാരിക ജീവിതത്തിൽ യൂണിവേഴ്സിറ്റിക്കു അതിന്റെ പ്രവർത്തനത്തിനും വളരെ പ്രധാനപ്പെട്ട പങ്കുണ്ട്. പക്ഷേ ഈ തരത്തിലുള്ള നികൃഷ്ടമായ ദ്രോഹപ്രവൃത്തികളും കാരണം എന്തുചെയ്യാനാണ്? പരീക്ഷാ കൺട്രോളറുടെ ആഫീസിൽ ഞാൻ ചെന്നപ്പോൾ എന്നെ ശിപായിമാർ തടഞ്ഞു. ഞാൻ ഒരു എം. എൽ. എ. യാണ് ഒരു സെനറ്റു മെമ്പറുമാണ്. നിയമസഭാ സാമാജികർ തിരഞ്ഞെടുത്ത സെനറ്റ് മെമ്പർ ആയിപ്പോയല്ലോ? ശ്രീ. ടി. എം. ജേക്കബിന്റെ കാലത്ത് സെനറ്റിലെ ഉദ്യോഗസ്ഥമേധാവികൾക്ക്, സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും അധികാരികൾക്ക് മെമ്പർമാർക്ക് ഇത്ര നികൃഷ്ടമായ തരത്തിലുള്ള അനുഭവം ഉണ്ടായിട്ടില്ലാ എന്നോർക്കുമ്പോൾ ദുഃഖമുണ്ട്. അത് വളരെ കഷ്ടമാണ്. അവിടെ ആരെങ്കിലും ഒരാൾ യൂണിവേഴ്സിറ്റിക്ക് തീകത്തിക്കാൻ ആവശ്യപ്പെട്ടാൽ അതിനുവരെ തയ്യാറായിരിക്കുകയാണ് ഈ സംസ്ഥാനത്തിലെ ചെറുപ്പക്കാർ. അത്രയ്ക്ക് അമർഷവും വെറുപ്പുമാണ് ജനങ്ങൾക്ക് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തിൽ. രക്ഷാകർത്താക്കളുടെയും കുട്ടികളുടെയും സ്ഥിതി ഇതാണ്. ഞാൻ പറയുന്നത് സത്യമല്ലെന്നു തെളിയിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി എന്റെ കൂടെ വരുമെങ്കിൽ അവിടെ നടക്കുന്ന അന്തരീക്ഷം ഞാൻ ബോദ്ധ്യപ്പെടുത്തിത്തരാൻ തയ്യാറാണ്. കോൺഗ്രസ്സുകാർ, കെ.എസ്.യു.ക്കാർ ആ തരത്തിൽ നമ്മുടെ വിദ്യാഭ്യാസരംഗം ഇന്ന് ആകെ കുഴച്ചിരിക്കയാണ്. വൈസ് ചാൻസലറാണ് വിദ്യാഭ്യാസ രംഗത്തെ എല്ലാം, ശ്രീ. ടി. എം. ജേക്കബിനെ ഏറാൻമൂളികളായി കേരളയൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് അംഗങ്ങൾ നിൽക്കുകയില്ലെന്നു് നോദ്ധ്യമുള്ളതുകൊണ്ടാണ് സിൻഡിക്കേറ്റിനെ സസ്പെൻഡ് ചെയ്തത്.

ശ്രീ. കെ. സി: ജോസഫ്: ഇത് ഗ്രന്ഥശാലാ ബില്ലാണ്. യൂണിവേഴ്സിറ്റി ബില്ലല്ല നമ്മൾ ചർച്ച ചെയ്യുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: യൂണിവേഴ്സിറ്റിയും ഗ്രന്ഥശാലയും അക്ഷരം പഠിപ്പിക്കുന്ന എല്ലാം നമുക്കൊക്കെ അറിയാം. നിങ്ങൾ യൂണിവേഴ്സിറ്റിയിൽക്കൂടെ കടന്നുവന്ന ആളല്ലേ? ആത്മാഭിമാനത്തോടുകൂടിയാണോ നിങ്ങൾ വാസ്തവത്തിൽ ഈ കശാപ്പിനു കൂട്ടുനിൽക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസഫ്, നിങ്ങളും ഒരു കാലത്ത് കെ. എസ്. യു. വിന്റെ സമുന്നതനായ നേതാവായിരുന്നില്ലേ? നാളെ എന്റെ കൂടെ വരാമോ? അവിടെ വന്നാൽ അവിടെ നിൽക്കുന്ന ആളുകളും നിങ്ങളും ഭരണകക്ഷിക്കാരനാണെന്നറിഞ്ഞാൽ നിങ്ങളെ ചെരുപ്പൂരി അടിക്കും. അത്ര ഹീനമാണ് അവിടെ നടക്കുന്ന കാര്യങ്ങളും. അതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഞാൻ കേരളമൊട്ടാകെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തനവുമായി യാത്ര ചെയ്തിട്ടുള്ളയാളാണ്. യാഥാസ്ഥിതികന്മാരുടെ സ്വാധീനത്തിലുള്ള പ്രദേശങ്ങളിൽ, പൊതുജനങ്ങൾക്ക് വിജ്ഞാനം പകരാൻ ഉപകരിക്കുന്ന ഗ്രന്ഥശാലാ പ്രസ്ഥാനം ഇല്ല. മാവേലിക്കര നൂറുകണക്കിന് ഉണ്ട്. എല്ലാ വില്ലേജുകളിലും നാലും അഞ്ചും ഗ്രന്ഥശാലകളുണ്ട്. അതേസമയം വി. വി. ജോസഫിന്റെ നിയോജകമണ്ഡലത്തിൽ നാലും അഞ്ചും വീതമില്ല, അവിടെ ഒരെണ്ണമോ മറ്റോ കാണും. അതാണ് ഇപ്പോഴത്തെ സ്ഥിതി. അതാണ് ഞാൻ പറഞ്ഞത് ഇത്തരം കാര്യങ്ങളിൽ.....(ബഹളം).....

6 p.m.]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ കേരള കോൺഗ്രസ്സിന്റെ കലാ–സാംസ്കാരിക രംഗത്തോടുള്ള അവരുടെ അത്യധികമായ അഭിവാഞ്ഛ മുൻനിർത്തി, അതിന്റെ കൺവീനറായി ശ്രീ. പി. സി. ജോർജ്ജിനെ നിശ്ചയിച്ച വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അല്ല, പി. സി: ജോർജ്ജ് ചില കാര്യങ്ങളിൽ കലാകാരനാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് സാംസ്കാരികമൊന്നും ഇല്ലെങ്കിലും കലയുടെ കാര്യത്തിൽ അദ്ദേഹം മോശമല്ല. അതിനെപ്പറ്റി അറിയുന്ന അവർ അദ്ദേഹത്തെ ആ സ്ഥലത്തുതന്നെ നിയോഗിച്ചിട്ടുണ്ട്. അപ്പോഴും നമുക്ക് ഈ ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഒരു വലിയ പ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരണം. പിന്നെ ഇതിന്റെ ഗ്രാന്റ് കൂട്ടുന്നതിന് വേണ്ട നടപടികളെടുക്കണം. ഞാൻ ഒരു ഗ്രന്ഥശാലയുടെ പ്രസിഡന്റാണ്. ഗ്രന്ഥശാലയുടെ ഗ്രാന്റ് കിട്ടാതായിട്ട് ഇപ്പോൾ ഏതാണ്ട് രണ്ടുവർഷത്തോളമായി. രണ്ടുവർഷത്തെ കുടിശ്ശിക കിട്ടാനുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതിന്റെ പ്രവർത്തനത്തിൽ ഇപ്പോഴും ഒരു കമ്മിറ്റിയുണ്ടല്ലോ? ആ ഗ്രഡേഷൻ കമ്മിറ്റിയൊന്നും അവിടെയെങ്ങും വരാറില്ല. ബുക്കും തൂക്കിയെടുത്ത് ആലപ്പുഴച്ചെല്ലണം. ഗ്രഡേഷനുവേണ്ടി. പണ്ട് ഞങ്ങളൊക്കെ ഗ്രഡേഷൻ കമ്മിറ്റിയിൽ ഇരുന്നപ്പോഴും ഓരോ ഗ്രന്ഥശാലയിലും ചെന്ന് അതാത് വർഷം ഇഷ്യൂ ചെയ്ത ബുക്കുകളുടെ എണ്ണം കുറിച്ചെടുത്ത് അതായത് വാങ്ങിച്ച പുതിയ പുസ്തകങ്ങൾ നേരിട്ട് പരിശോധിച്ച് അതാത് വർഷം ബില്ല് ഓരോന്നും എടുത്ത് പരിശോധിച്ചിട്ട് എത്രയാണെന്ന് കണ്ടിട്ടാണ് ഗ്രാന്റ് നിശ്ചയിക്കുന്നത്. ഇപ്പോഴാണെങ്കിൽ ആലപ്പുഴ ചെന്ന് ഒരു 50 രൂപകൂടി കയ്യിൽ ഉണ്ടായിരുന്നാൽ മതി, അവിടെ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള ആം യാതൊരു മടിയും കൂടാതെ സർട്ടിഫൈ ചെയ്തു കൊടുക്കും. അങ്ങനെയുള്ള ഒരു സംവിധാനമാണ് ഇപ്പോഴുള്ളത്. ഇത് തികച്ചും സ്വേച്ഛാധിപത്യപരമാണ്. ഇത് ഈ വായനശാലയുടെ കാര്യത്തിൽ മാത്രമാണോ സർ ഉള്ളത്? ഞാൻ നേരത്തെ സൂചിപ്പിച്ചത് അതാണ്. ജനാധിപത്യമൂല്യങ്ങളോട് നിങ്ങൾക്ക് വെറുപ്പാണ്. നിങ്ങളുടെ ജനാധിപത്യം ചൂഷകൻമാരുടെ ജനാധിപത്യമാണ്. സമൂഹത്തിലെ ചൂഷകൻമാരുടെ എണ്ണം ആകട്ടെ കേവലം രണ്ടോ മൂന്നോ ശതമാനമാണ്. ഈ രണ്ടോ മൂന്നോ ശതമാനം വരുന്ന ചൂഷകൻമാരുടെ തത്വശാസ്ത്രവും താല്പര്യവും പ്രതിനിധാനം ചെയ്യുന്ന നിങ്ങൾക്ക് ജനാധി

LIBRARY ARCHIVES Kerala Legislative Assembly

പത്രമൂല്യങ്ങളോട് നീതിപുലർത്താനാവില്ല. ഞങ്ങൾ അഭിമാനിക്കുന്നത് അക്കാര്യത്തിലാണ്. ഞങ്ങൾ ഇവിടെ ചെറിയ പാർട്ടിയായിരിക്കാം, ഇൻഡ്യയിൽ ചെറിയ പാർട്ടിയായിരിക്കാം, പക്ഷേ ലോകത്ത് എവിടെയും ഞങ്ങൾ വിപുലമായ ജനവിഭാഗത്തിന്റെ താല്പര്യങ്ങൾക്കു വേണ്ടി നിൽക്കുന്ന മഹത്തായ ആശയഗതിയുടെ മഹാഭൂരിപക്ഷത്തിന്റെ 95%-ത്തിൽ അധികം വരുന്ന പീഡിതരായ ജനവിഭാഗത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കാൻ നിൽക്കുന്ന വിപുലമായ ജനാധിപത്യത്തിന്റെ ഉടമകളാണ്. നിങ്ങൾ സങ്കുചിത താല്പര്യങ്ങൾ വച്ചുപുലർത്തുന്ന ഒരു ചെറിയ വിഭാഗത്തിന്റെ ഇടുങ്ങിയ ചിന്താഗതി വച്ചു പുലർത്തുന്നവരാണ്.

ശ്രീ. വി. വി. ജോസഫ്: നിങ്ങളിപ്പോൾ ആരുടെ കൂടെയാണ്?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഞാനോ, ഞാൻ എന്റെ പാർട്ടിയുടെ കൂടെത്തന്നെ. നിങ്ങളുടെ കൂട്ട്.....എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നിങ്ങളുടെ പി. ജെ. ജോസഫിനേയും ടി. എം. ജേക്കബിനേയും കെ. എം. മാണിയേയും ഒക്കെ ചുറ്റിപ്പറ്റിയുള്ള കഥകളൊക്കെ നമുക്ക് അറിയാം. അത് ഒന്നും എന്നെക്കൊണ്ട് പറയിക്കണ്ട, എന്നോട് ചോദിച്ചതുകൊണ്ടാണ് പറഞ്ഞുപോകുന്നത്. എന്തായാലും പോകട്ടെ, വി. വി. ജോസഫല്ലേ? ഞങ്ങൾ സുഹൃത്തുക്കളാണ്. അതുകൊണ്ട്, ആ രീതിയിലേ അത് കണക്കാക്കുന്നുള്ളൂ.

ശ്രീ. വി. ദിനകരൻ: നിങ്ങളിപ്പോൾ അച്യുതാനന്ദന്റെ കൂടെയാണോ അതോ എം. വി. രാഘവന്റെ കൂടെയാണോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അച്യുതാനന്ദൻ എന്റെ പാർട്ടിയുടെ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ കൂടെ ആകുന്നതിൽ എന്താണ് കുഴപ്പം? ഹേ, ദിനകരാ, ഒരു തുള്ളി വിയർപ്പുപോലും ഇന്നുവരെയാതൊരു രാഷ്ട്രീയപ്രസ്ഥാനത്തിനും മുടക്കാതെ ജാതിയുടെ പേരും പറഞ്ഞ് രാഷ്ട്രീയത്തിൽ വന്ന് എം.എൽ.എ. സ്ഥാനം ചുളുവിൽ കിട്ടിയ നിങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളെ കുറ്റം പറയാൻ അർഹതയില്ല. നിങ്ങൾ അതിന് യോഗ്യനല്ല. ശ്രീ. താമരാക്ഷൻ വർഷങ്ങളായി കഷ്ടപ്പെട്ട് പണിയെടുത്തതിന്റെ ഫലമായി നേതാവായി വന്നപ്പോൾ ദിനകരൻ ജാതിയുടെ പേരും പറഞ്ഞ് ചുളുവിൽ രാഷ്ട്രീയത്തിൽ വന്ന ആളാണ്. അതുകൊണ്ട് അതിനെപ്പറ്റിയൊന്നും എന്നെക്കൊണ്ട് പറയിക്കണ്ടാ, നിങ്ങൾ ജാതിയാണ്..... (ബഹളം) .....

ശ്രീ. തോപ്പിൽ രവി: ശ്രീ. താമരാക്ഷൻ കെ. എസ്. യു വിന്റെ ഒരു പ്രവർത്തകനായിരുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

മി. സ്പീക്കർ: കുറുപ്പേ അങ്ങ് വഴങ്ങണ്ടാ, അങ്ങ് ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ശ്രീമാൻ തോപ്പിൽ രവി രാഷ്ട്രീയത്തിൽ വരുന്നതിനുമുൻപേ 1945–ൽ കൊച്ചിരാജ്യത്ത് പ്രജാമണ്ഡലത്തിലെ അംഗമായവനാണ് ഞാൻ. മട്ടാഞ്ചേരിയിൽ അതിനു ശേഷം ഞാൻ കെ. എസ്. പി. യിൽ രണ്ടുമൂന്നുവർഷം നിന്നു, പിന്നെ അത് കഴിഞ്ഞ് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ വന്നു. അപ്പോഴും സ്വാഭാവികമായും അന്ന് കെ.എസ്. യു. ആയിരുന്ന താമരാക്ഷനൻ ഇന്ന് ആർ. എസ്. പി. ആയിക്കൂടായ്കയില്ല. അതുകൊണ്ട് വലിയ കുറ്റമൊന്നും ആരോപിക്കേണ്ട. അപ്പോഴും ഞാൻ പറഞ്ഞു വന്നത്.....(ബഹളം).....

ശ്രീ. പി. സി. ജോർജ്ജ്: കെ. എസ്. പി. യിൽ പോയി, മറ്റു പല പാർട്ടികളിലും പോയി, ഇപ്പോഴും അച്യുതാനന്ദന്റെ കൂടെയാണോ അതോ രാഘവന്റെ കൂടെയാണോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അച്യുതാനന്ദന്റെ കൂടെയെന്ന് പറഞ്ഞാൽ, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിൽ, ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) ൽ ആണോ ഞാൻ എന്നാണ് ചോദ്യമെങ്കിൽ ഞാൻ അതിലാണ് മറ്റ് എങ്ങുമില്ല.

ശ്രീ. സി. കെ. തങ്കപ്പൻ: ഇപ്പോൾ രാഷ്ട്രീയപ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ചു ചെറുതായി പറയുന്നല്ലോ? ഇപ്പോൾ ഒരു ചോദ്യം ചോദിച്ച ബഹുമാന്യനായ കുണ്ടറ എം.എൽ.എ. ആയ രവിയും ശ്രീ. വയലാർ രവിയും കൂടി ചേർന്ന് അവരുടെ പഴയ സംഘടനയ്ക്ക് രൂപം നൽകുന്നുവെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

മി. സ്പീക്കർ: നോ, നോ, നോ,.....അങ്ങേയ്ക്ക് വല്ലതും പറയാനുണ്ടെങ്കിൽ പറഞ്ഞ് അവസാനിപ്പിക്കൂ. വിഷയം കഴിഞ്ഞോ? കഴിഞ്ഞുവെങ്കിൽ ഇരിക്കൂ. വേറെ ആളുകളുണ്ട് സംസാരിക്കാൻ. അത്യാവശ്യത്തിന് സമയമില്ല. പിന്നെയല്ലേ രാഷ്ട്രീയം പറയാൻ സമയം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: രാഷ്ട്രീയം പറഞ്ഞാൽ പിന്നെ മറുപടി പറയാതിരിക്കാൻ കഴിയുമോ?

മി. സ്പീക്കർ: അങ്ങ് ബില്ലിലെ കാര്യം പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇതുപോലുള്ള കാര്യങ്ങളിൽ രാഷ്ട്രീയം കലർത്താതിരിക്കേണ്ടതാണെങ്കിലും അങ്ങനെയുള്ള കാര്യങ്ങളിൽ രാഷ്ട്രീയം കലർത്തി ചോദ്യങ്ങളും ചോദിക്കുകയും ചെയ്താൽ പിന്നെ എങ്ങനെയാണ് പറയാതിരിക്കുന്നത്?

മി. സ്പീക്കർ: അങ്ങ് ഇങ്ങനെ പറയുമെന്ന് ചെയർ വിചാരിച്ചില്ല. അങ്ങയിൽ നിന്ന് വേറെ ചില പ്രതീക്ഷയാണുണ്ടായിരുന്നത്. അങ്ങ് ഗ്രന്ഥശാലാപ്രസ്ഥാനത്തിലേക്ക് വരൂ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അങ്ങനെ ഗ്രന്ഥശാലാ പ്രസ്ഥാനം ജനാധിപത്യപരമായി പ്രവർത്തിപ്പിക്കുന്നതിന് (അതിന്റെ ആയശങ്കയും ജനാധിപത്യ മൂല്യങ്ങളോട് വൈമുഖ്യതയുള്ള മനോഭാവം ഇല്ലാത്ത ഇൗ ഗവൺമെന്റ്) അടിസ്ഥാനപരമായ ഒരു നിയമം കൊണ്ടുവരാതെ ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

11 കൊല്ലം നീണ്ടിയിരിക്കുന്നു.. അതിനോട് യാതൊരു കാരണവശാലും യോജിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ആ 11 കൊല്ലമെന്നുള്ളത് മാറണം. വരാൻ പോകുന്ന ഗവൺമെന്റ് അക്കാര്യം ഏതെങ്കിലും വിധത്തിൽ ചെയ്തുകൊള്ളും. ഒരു കാര്യം, ആര് എത്ര വീമ്പ് ഇളക്കിയാലും കണ്ണും കാതുമുള്ള, കാര്യങ്ങളെ കാണാൻ കഴിവുള്ള പ്രബുദ്ധമായ കേരള ജനത ഈ അടുത്ത ബില്ല് എങ്ങനെയുള്ളതായിരിക്കണമെന്ന് തീരുമാനിക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണിയോട് ആവശ്യപ്പെടുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഇത്തരം വീമ്പിളക്കലുകളുടെ ആവശ്യമില്ല.

ശ്രീ. വി. കെ. രാജൻ: സർ, സബ്ജക്ററു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986—ലെ കേരള ഗ്രന്ഥശാലാസംഘം (ഭേദനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ വീണ്ടും സബ്ജക്ററു കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ ബില്ലിനെപ്പറ്റി സംസാരിക്കണമെന്ന് ആഗ്രഹിച്ചിരുന്നതല്ല. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി, 10 വർഷം എന്നത് 11 വർഷമായി മാറ്റിക്കൊണ്ടു വന്നിരിക്കുകയാണ്. അപ്പോൾ അതിനെ എതിർക്കപ്പെടാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഞാൻ ഇപ്പോൾ സംസാരിക്കാൻതന്നെ തീരുമാനിച്ചത്. ബ്യൂറോക്രസിയുടെ ആധിപത്യം ജനാധിപത്യ സാംസ്കാരിക കേന്ദ്രങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ഒരു വാളാണ് ഈ ബിൽ. ഇത് പിൻവലിക്കണം. ഈ 10 വർഷം ഇപ്പോൾ 11 വർഷമാക്കാൻ കാരണം, ഞാൻ കഴിഞ്ഞദിവസം സംസാരിച്ചപ്പോൾ ശ്രീ. കുരിയാക്കോസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്റെ പ്രിയ സുഹൃത്ത്, ശ്രീ. പി. സി. ജോർജ്ജ് അപ്പോൾ പറഞ്ഞു, ഇപ്പുറത്തെ മാർക്സിസ്റ്റുപാർട്ടിയുടെ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്നു അദ്ദേഹം. അങ്ങ് കേൾക്കേണ്ട കാര്യമാണ്. ഫുൾടൈം മെമ്പറുടെ കാര്യമാണ്. അത് ഈ ബില്ലിലെ സുപ്രധാനമായ കാര്യമാണ്. അതിലെ ഒരു ഫുൾടൈം മെമ്പറുടെ കാര്യം. കോതമംഗലത്ത് സ്ഥാനാർത്ഥിയായി നിൽക്കുന്നതിൽ നിന്ന് കുര്യാക്കോസിനെ ഒഴിവാക്കാൻ വേണ്ടിയാണ് 10 വർഷത്തിൽ നിന്ന് 11 വർഷമാക്കി മാറ്റിയിരിക്കുന്നത്. ശ്രീ. പി. സി. ജോർജ്ജ് കഴിഞ്ഞ ദിവസം പറഞ്ഞപ്പോഴാണ് മന്ത്രിക്ക് ബോദ്ധ്യപ്പെട്ടത്. ഉടനെ ചെന്ന് 11 വർഷമാക്കി. എനിക്ക് കുര്യാക്കോസിനോടു പറയാനുള്ളത് ഇതിന്റെ പ്രവർത്തനം കൂടെക്കൂടി മെച്ചപ്പെടുത്തണം എന്നാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട രാജന് കുര്യാക്കോസിനോട് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അദ്ദേഹവുമായി ബന്ധപ്പെട്ടാൽ മതി.

ശ്രീ. വി.കെ. രാജൻ: ഞാൻ കുര്യാക്കോസിനോടു പറയുന്നു എന്നു പറയുമ്പോൾ ഈ സഭയിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ അദ്ദേഹവും കൂടി കാണും എന്നു വിചാരിച്ചു.

മി. സ്പീക്കർ: അതിന് വേറെ അവസരം നോക്കിയാൽ മതി.

ശ്രീ. വി. കെ. രാജൻ: ഈ സഭയിൽ ഈ ബില്ലിനെപ്പറ്റി ചർച്ച ചെയ്യുമ്പോൾ അതിന്റെ സാരാംശങ്ങൾ ഉൾക്കൊള്ളാൻ ഈ സഭയിൽ അദ്ദേഹം ഉണ്ടായിരിക്കും എന്നാണ് എന്റെ ധാരണ. അങ്ങനെയല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും കഴിയുകയില്ല. അത് ജേക്കബ് പോയി പഠിപ്പിക്കാനൊന്നും പോകുന്നില്ല. അതുകൊണ്ട് ഇത് ഉൾക്കൊള്ളാൻ ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാരെല്ലാം ഇവിടെ ഉണ്ടാകണം. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: അവരാരും ചർച്ചയിൽ പങ്കെടുക്കുന്നില്ല. അവർ ഗ്യാലറിയിലാണ്. അത് സഭയുടെ ഭാഗമല്ല.

ശ്രീ. വി. കെ. രാജൻ: അപ്പോൾ ഞാൻ പറയുന്നത് അടിയന്തിരമായിട്ട് കൺട്രോൾ ബോർഡ് പിരിച്ചുവിടണമെന്നാണ്. 10 വർഷം എന്നുള്ളത് 11 വർഷം ആക്കുകയെന്നുള്ള നടപടി ഈ സഭയോട് ചെയ്യുന്ന ഏറ്റവും വലിയ അവഹേളനമാണ്. മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ 1987 മാർച്ച് മാസത്തിൽ ഇത് അവസാനിക്കുന്നതിന് മുമ്പ് സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തും എന്നാണ്. അത് അടിയന്തിരമായി നടപ്പാക്കും, ജനാധിപത്യപരമായ രീതിയിൽ ഗ്രന്ഥശാലാ പ്രവർത്തനം കൊണ്ടുനടക്കും എന്നൊക്കെ ഇവിടെ പറഞ്ഞതിനുശേഷം അപ്പുറത്തെ മുറിയിൽ മാറിയിരുന്ന് 10 വർഷം എന്നുള്ളത് 11 ആക്കിയതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. അതെന്ത് ജനാധിപത്യമാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടേയും കേരളാ യൂണിവേഴ്സിറ്റിയുടേയും സിൻഡിക്കേറ്റ് സബ്കമ്മിറ്റി ചെയ്തതുപോലെ ഒരു ഭൂതോദയം വന്നിട്ട് മാറ്റിയതാണോ? അതിൽ മെമ്പർമാരുണ്ടായിരുന്നു. അവരോട് ചോദിച്ചപ്പോൾ അവർക്ക് ഭിന്നാഭിപ്രായം ഇല്ലായിരുന്നു എന്നൊക്കെ അദ്ദേഹം പറഞ്ഞേക്കാം. പക്ഷേ അതിൽ ഭൂരിപക്ഷവും ഭരണകക്ഷിക്കാരാണ്. ആ ഭൂരിപക്ഷം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. ഏതായാലും പത്ത് എന്നുള്ളത് സബ്ജക്ട് കമ്മിറ്റിയെല്ലാം ചർച്ച ചെയ്തതാണ്. ഇനി ഒരു വർഷമേയുള്ളൂ. അതുകൊണ്ട് 11 വർഷത്തിലേക്ക് യാതൊരു കാരണവശാലും പോകാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു കാര്യം എനിക്ക് പറയാനുണ്ട്. ആയിരം രൂപയാണ് മിനിമം ഗ്രാന്റ് അനുവദിച്ചിരിക്കുന്നത്. മാക്സിമം അയ്യായിരം രൂപയാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ഏതായാലും ഇനി അവിടെവച്ച് ചർച്ച ചെയ്ത്. കാര്യങ്ങൾ തീരുമാനിക്കാൻ അധികാരാവകാശങ്ങൾ ഇല്ലാത്തതുകൊണ്ട് ഗവൺമെന്റാണോ തീരുമാനിക്കേണ്ടത്? ആ ഗവൺമെന്റ് തന്നെ അത് നിശ്ചയിച്ച് കാര്യം പറയണം. ആയിരം രൂപയ്ക്ക് എത്ര പുസ്തകം കിട്ടും. പൈങ്കിളിക്കഥകൾ കിട്ടിയേക്കും. അതല്ല ഞാൻ പറഞ്ഞത്. ഇവിടെയുള്ള ആളുകൾക്ക് വിജ്ഞാനപ്രദമായ പുസ്തകങ്ങൾ കിട്ടണം. മാർക്സിസത്തേയും ലെനിനിസത്തേയും പറ്റി പഠിക്കണം. അപ്പുറത്തിരിക്കുന്ന ആളുകൾ ഞങ്ങളെ പരിഹസിക്കാൻ വേണ്ടി ചില പദങ്ങൾ പറയുന്നുണ്ട്. വിജ്ഞാനത്തോടുകൂടിയല്ല അത് പറയുന്നത്. അവിടന്നും ഇവിടന്നും ഓരോ വാക്കെടുത്തു ഞങ്ങളെ പരിഹസിക്കാൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്. അവരെല്ലാം മാർക്സിസവും ലെനിനിസവുമൊക്കെ സമ്പൂർണ്ണമായി പഠിക്കേണ്ട കാലഘട്ടമാണിത്. നമ്മുടെ രാജ്യം സോഷ്യലിസത്തിലേക്കും കമ്മ്യൂണിസത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതു മനസ്സിലായില്ലേ? മാർക്സിസത്തിന്റേയും ലെനിനിസത്തിന്റേയും ആധികാരികമായ പുസ്തകങ്ങൾ വാങ്ങണം എന്നു നിർദ്ദേശിച്ചാൽപ്പോലും തെറ്റില്ലാത്ത ഒരു കാലഘട്ടത്തിലാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യയിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളും, കേരളത്തിലെ ജനങ്ങളും ആ മട്ടിൽ ചിന്തിക്കുകയാണ്. അപ്പുറത്തുള്ള ആളുകളും അത് പഠിക്കണം. അതിനുകൂടി ശ്രമിക്കണം. അതിൽ എതിർപ്പുണ്ടാകരുത്. ചില മത, സമുദായങ്ങളിൽ ഉള്ള ആളുകൾക്കും ചില സംഘടനകൾക്കും എതിർപ്പുണ്ടാകും. മന്നത്തു പത്മനാഭന്റെ പുസ്തകം വാങ്ങിക്കുമ്പോൾ ആർ. ശങ്കറിന്റേയും പുസ്തകം വാങ്ങിക്കണമെന്നു പറയും. പിന്നീട് ഇ.വി.ആർ തിരുമേനിയുടെ പുസ്തകം വാങ്ങിക്കണമെന്നു പറയും. അത്തരം ആളുകളുടെ കാര്യമല്ല ഞാൻ പറയുന്നത്. ഈടുറ്റ പുസ്തകങ്ങൾ വാങ്ങാൻ ആവശ്യമായിട്ടുള്ള രീതിയിൽ ഏറ്റവും ചുരുങ്ങിയത് 2500 രൂപയെങ്കിലും ഗ്രാന്റായിട്ട് ഒരു ഗ്രന്ഥശാലക്ക് അനുവദിക്കണം. മാക്സിമം പതിനായിരം രൂപ വരെ കൊടുക്കണം. പതിനായിരം പുസ്തകങ്ങൾ കൊടുത്താൽ പോലും നല്ല ഗ്രന്ഥശാലകൾക്ക് അത്രയധികം പുസ്തകങ്ങൾ ഉണ്ടാവുകയില്ല. കാരണം കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതുപോലെ മൊബൈൽ ലൈബ്രറി ഉണ്ടായിരുന്നു. ഇപ്പോൾ ആ മൊബൈൽ ലൈബ്രറി ഇല്ല. ഡിസ്ട്രിക്ട് ലൈബ്രറികൾ പുസ്തകം എത്തിച്ചുകൊടുക്കുന്നില്ല. അതിന്റെ ഫലമായി ഈ സംഖ്യ മാത്രം ഉപയോഗിച്ചുകൊണ്ടാണ് പുസ്തകങ്ങൾ വാങ്ങുന്നത്. അത് വളരെ കുറവാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ വായനാശീലം വർദ്ധിച്ചിരിക്കുന്നു. അതിനനുസൃതമായിട്ടുള്ള പുസ്തകങ്ങൾ വാങ്ങി വയ്ക്കുന്നതിന് ആവശ്യമായിട്ടുള്ള സംഖ്യ അലോട്ട് ചെയ്തു കൊടുക്കാൻ ഗവൺമെന്റ് ഗ്രാന്റ് നിശ്ചയിക്കുമ്പോൾ ശ്രമിക്കണം. അതിന് പ്രത്യേക പരിഗണന കൊടുക്കണം.

ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾക്ക് കുറെ കെട്ടിടം ഉണ്ടാക്കാൻ ശ്രീ. പി. ജെ. ജോസഫ് തീരുമാനിച്ചു. ഏതായാലും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു കിട്ടിയ പണംകൊണ്ടാണ് അത് ചെയ്തു്നത്. നാട്ടിലെ പാവങ്ങൾക്ക് കൊടുക്കേണ്ടതാണത്. എങ്കിലും വില്ലേജ് ഓഫീസുകൾ വന്നിരിക്കുന്നു. ലൈബ്രറി കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തെ സാംസ്കാരിക കേന്ദ്രങ്ങളാണ്. മുമ്പ് വളരെ ആവേശപൂർവ്വം കെട്ടിട ഗ്രാന്റ് കൊടുത്തിരുന്നു. ഇപ്പോൾ കെട്ടിട ഗ്രാന്റ് കൊടുക്കുന്നില്ല. കൊടുത്താൽത്തന്നെയും വളരെ പരിമിതമായിട്ടായിരിക്കും കൊടുക്കുന്നത്. മന്ത്രി മറുപടി പറയുമ്പോൾ അതിനെപ്പറ്റി പറയും എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. പുസ്തകത്തിന് ഗ്രാന്റ് കൊടുക്കുന്നതുപോലെ, ലൈബ്രറികൾക്ക് ഗ്രാന്റ് കൊടുക്കുന്നതുപോലെ, ഫർണീച്ചറിന് ഗ്രാന്റ് കൊടുക്കുന്നതുപോലെ ലൈബ്രറികൾക്കു കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് കൊടുക്കുന്ന പരിപാടി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. എന്നാൽ കൺട്രോൾ ബോർഡിന്റെ കീഴിലുള്ള ഭരണം വന്നതോടുകൂടി അതില്ലാതായിക്കഴിഞ്ഞിരിക്കുന്നു. എൻ. ആർ. ഇ. പി. ആർ. എൽ. ഇ. ജി. പി. പദ്ധതി പ്രകാരം കോടിക്കണക്കിന് രൂപ ഇവിടെ കിട്ടുന്നുണ്ടല്ലോ. അതുകൊണ്ട് ബഹുമാന്യനായ മന്ത്രിയോട് പറയുകയാണ്, ആ രീതിയിൽ എൻ. ആർ. ഇ. പി. യുടെ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് കെട്ടിടങ്ങൾ പണിയാൻ അലോട്ട്മെന്റ് കൊടുക്കണം. മാള മണ്ഡലത്തിൽ വെള്ളാങ്കല്ലൂരിൽ ലൈബ്രറി കെട്ടിടം പണിയുന്നതിനുവേണ്ടി രണ്ടു വർഷക്കാലം അതിന്റെ പുറകെ നടന്നവനാണ് ഞാൻ. അത് ഇതുവരേയും കിട്ടിയിട്ടില്ല. ഇതിനുവേണ്ടി നിശ്ചിതമായ സംഖ്യ ഇത്ര ശതമാനം സംഖ്യ എന്നു പറഞ്ഞ് അലോട്ട് ചെയ്യണം. കോഴിക്കോട്ടേയും തൃശൂരിലേയും ഡി. ആർ. ഡി. എ. ഇത്തരം ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ആ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രറി കെട്ടിടങ്ങൾക്ക് ആവശ്യമായ പണം കൊടുക്കാൻ എൻ.ആർ. ഇ.പി. ഫണ്ട് ഉപയോഗപ്പെടുത്തി ചെയ്യുന്നതിന് നയപരമായ തീരുമാനം എടുത്താൽ നമ്മുടെ നാട്ടിൻപുറത്തെ യുവാക്കളായ ആളുകൾ, അർപ്പണ ബോധത്തോടുകൂടി സേവന സന്നദ്ധതയോടുകൂടി പ്രവർത്തനം നടത്തുന്ന ആളുകൾ, അതിനാവശ്യമായ പ്രവർത്തനം നടത്തും. യുവാക്കളുടെ കർമ്മ ശേഷി ഇത്തരം സൽപ്രവൃത്തികളിലേക്ക് തിരിച്ചുവിടാൻ കഴിയുന്ന ഒരു നടപടിയാണ്. അതിലേക്ക് നീങ്ങണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇപ്പോൾ ലൈബ്രേറിയൻമാരുടെ കോഴ്സ് നടക്കുന്നു. നമ്മുടെ സംസ്ഥാനത്തെ നാലായിരത്തോളം വരുന്ന ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് നിർബന്ധമായും ട്രെയിനിംഗ് നൽകണമെന്നുള്ളതുകൊണ്ട് ലൈബ്രേറിയൻമാരുടെ കോഴ്സ് ഇന്നുള്ളതിന്റെ ഇരട്ടിയാക്കണം. അത് കാലാകാലങ്ങളിൽ നടത്തുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടാക്കണം. അതിന് കൊടുക്കുന്നത് പരിമിതമായ അലവൻസാണ്. ലൈബ്രേറിയൻ കോഴ്സിനു വരുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കണം. അതിനനുസൃതമായിട്ട് അലവൻസിലും വർദ്ധനവ് വരുത്തണം. അതിനുള്ള നടപടികളും സ്വീകരിക്കണം. ഇപ്പോഴും വളരെ വിവാദപരമായിട്ടുള്ള ഒരു കൺട്രോളും ബോർഡാണുള്ളത്. അതിനെ പിരിച്ചുവിട്ട് സാംസ്കാരിക ജ്ഞാനം ഉള്ള ആളുകളെ അതിൽ നിയമിക്കണം. ഇതിൽ കക്ഷിരാഷ്ട്രീയത്തിന്റെ ആവശ്യമില്ല. ജാതി മത സംഘടനകൾക്ക് പ്രാതിനിധ്യം ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാനത്തിലായാലും ജില്ലകളിൽ ആയാലും താലൂക്കിലായാലും കലക്ടറും തഹസീൽദാരുമൊക്കെയാണ് അവിടെയൊക്കെ ചെയർമാൻമാർ. അത് നാണക്കേടല്ലേ? സാഹിത്യ നായകൻമാരായിട്ടുള്ള ആളുകളെ വിളിച്ചിരുത്തിയിട്ട് ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും അതുപോലെ തന്നെ തഹസീൽദാർമാരായിട്ടുള്ള ബ്യൂറോക്രാറ്റുകളും അദ്ധ്യക്ഷൻമാരായിട്ടിരുന്നിട്ട് ഇത്തരം ആളുകൾ അഭിപ്രായ പ്രകടനം നടത്തണമെന്നു പറയുന്നത്. നമ്മുടേതുപോലെയുള്ള ഒരു സംസ്ഥാനത്തിന് അപമാനകരമാണ്. വടക്കേ ഇൻഡ്യയിലെ ചില പ്രാകൃതമായ വിദ്യാഭ്യാസമില്ലാത്ത സംസ്ഥാനത്ത് ഇതൊക്കെയാകാം. ഇത് കേരളമാണ്. ഏറ്റവും ഉജ്ജ്വലമായ ഒരു ജനാധിപത്യ സംവിധാനമായി ഉയർന്നു വന്നിട്ടുള്ള ഈ പ്രസ്ഥാനത്തിൽ ഇത്തരം ആളുകളെ നിയമിച്ചുകൊണ്ടിരിക്കുന്ന നടപടി അവസാനിപ്പിക്കണം. നമ്മുടെ സംസ്ഥാനത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഇതിൽ പ്രാതിനിധ്യം കൊടുക്കണം. അതിന്റെ പ്രവർത്തനം കുറച്ചുകൂടി ശക്തിപ്പെടുത്തണം. 10 വർഷം എന്നുള്ളത് 11 വർഷമാക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. കേശവൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത രൂപത്തിലുള്ള ഗ്രന്ഥശാലയുടെ മാനേജ്മെന്റ് ഏറ്റെടുക്കുന്ന ഈ നിയമം പത്തു വർഷത്തിൽനിന്ന് 11 വർഷമാക്കിക്കൊണ്ടുള്ള ഒരു നിർദ്ദേശമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ ഗ്രന്ഥശാലാനിയമം കൊണ്ടുവന്ന് പാസ്സാക്കുന്നതിന് സമയം വേണ്ടിവരും. എന്ന കാരണം പറഞ്ഞ് ഒരു കൺട്രോൾ ബോർഡിനെ ഇത്തരം വായനാശാലകളുടേയും ഗ്രന്ഥശാലാസംഘത്തിന്റേയും ഭരണം ഏൽപ്പിച്ചുകൊടുക്കുന്നതിന്റെ ആപത്തിനെ സംബന്ധിച്ചും അപകടത്തെ സംബന്ധിച്ചും ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെന്റ് ചില കാര്യങ്ങളിൽ സത്വരമായി നിയമനിർമ്മാണ നടപടികളും കൊണ്ടുവരുകയും അതിന് കാലതാമസം വന്നാൽ ഓർഡിനൻസുകളിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

ആ നിയമം പ്രഖ്യാപിച്ച് നടപ്പാക്കുകയും ചെയ്യുന്നതിന് വ്യഗ്രത കാണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിലുപരി നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായിട്ടുള്ള കാര്യങ്ങളിൽ അതിന്റെ ജനാധിപത്യപരമായ ഭരണ സമ്പ്രദായം അവസാനിപ്പിച്ച് ഏതാനും ചില ആളുകളുടെ പക്കൽ തങ്ങൾക്ക് താൽപ്പര്യം തോന്നുന്ന ആളുകളുടെ പക്കൽ ഇതിന്റെ ഭരണം ഏൽപ്പിച്ചു കൊടുക്കുന്നത് വളരെ ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അതിന്റെ ജനാധിപത്യപരമായിട്ടുള്ള ഭരണം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ ഗ്രന്ഥശാലാ സംഘത്തിന്റേയും വായനശാലകളുടേയും പ്രവർത്തനം നോക്കിയാൽ എല്ലാം മരവിച്ചിരിക്കുകയാണ്, സ്തംഭിച്ചിരിക്കുകയാണ്, ഇങ്ങനെയൊരു സ്തംഭനം ഉണ്ടാക്കണമെന്നുള്ള കുത്സിതബുദ്ധിയുള്ള ബോധപൂർവ്വമായ ഉദ്ദേശത്തോടുകൂടി ഒരു നടപടി ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ സ്ഥിതി വച്ചു നോക്കുമ്പോൾ കേരള സംസ്ഥാനത്തിലുള്ളതുപോലെ ഇത്രയധികം ഗ്രാമീണ ഗ്രന്ഥശാലകളും വായനശാലകളും പ്രവർത്തിക്കുന്ന മറ്റൊരു സംസ്ഥാനം ഉണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. മറ്റെല്ലാ പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി വൈകാരിക ഐക്യത്തിന്റേയും ദേശീയ ഐക്യത്തിന്റേയും നവോത്ഥാനത്തിന്റേയും വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സഹായിച്ച സാംസ്ക്കാരിക പ്രസ്ഥാനമാണ് ഗ്രന്ഥശാലാ—വായനശാലാ പ്രസ്ഥാനം. ഇത്തരം പ്രസ്ഥാനങ്ങളെ വളരെ കൂടുതൽ ശക്തിപ്പെടുത്തേണ്ടി വന്നിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. നമ്മുടെ നാട്ടിൽ ജാതി മത വർഗ്ഗീയ ശക്തികളുടെ നീക്കം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന താപകടത്തെ സംബന്ധിച്ച് ഇന്നലെയും പ്രധാനമന്ത്രി രാജീവ്ഗാന്ധി ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസംഗിച്ചു എന്ന് ഇന്നത്തെ പത്രത്തിൽ വായിക്കാൻ ഇടയായി. അങ്ങനെയുള്ള കാലഘട്ടത്തിൽ നമ്മുടെ ഗ്രാമീണ ജനവിഭാഗത്തെ ദേശീയ ബോധത്തിനേറയും നമ്മുടെ നാട്ടിലെ പൊതുവായ ബോധത്തിനേറയും പാതയിലേക്ക് കൊണ്ടുവരാൻവേണ്ടി എല്ലാ വിഭാഗത്തിലും പെടുന്ന ആളുകളെ കക്ഷിരാഷ്ട്രീയത്തിനും ജാതി മത ചിന്തകൾക്കും അതീതമായി പ്രവർത്തിച്ചു വളർത്തിക്കൊണ്ടുവന്ന ആ പ്രസ്ഥാനത്തെ ഇനിയും വളർത്തിക്കൊണ്ടുവരേണ്ടത് ഈ കാലഘട്ടത്തിന്റെ വളരെ പ്രധാനപ്പെട്ട ആവശ്യമാണ്. അതിൽ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ തകർന്നിട്ടുണ്ടെന്ന് ഞാൻ ബോധപൂർവ്വം പറയുന്നു. അമേരിക്ക കേന്ദ്രമാക്കിക്കൊണ്ട് വിനോദവ്യവസായം എന്നൊരു വ്യവസായം അവർ ആരംഭിച്ചിട്ടുണ്ട്. ഈ വിനോദ വ്യവസായത്തിന്റെ ശൃംഖല നമ്മുടെ ഇന്ത്യയിലും, കേരളത്തിലും വ്യാപകമായി നടക്കുകയാണ്. യഥാർത്ഥത്തിൽ ജനങ്ങളെ ശരിയായ ദേശീയ ബോധത്തിനേറയും ഉദ്ബുദ്ധതയുടേയും മാർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്ന അത്യുന്നത സാഹിത്യങ്ങളും ലോകസാഹിത്യങ്ങളും മറ്റു സാംസ്ക്കാരിക കൃതികളും വായിക്കാനുള്ള താൽപ്പര്യം നമ്മുടെ നാട്ടിലെ ജനങ്ങളിൽ കെടുത്തുക എന്നുള്ളതാണ് അതിന്റെ ഉദ്ദേശം. ഞാൻ എന്റെ കുട്ടിക്കാലത്ത് കുമാരനാശാന്റെ ഒരു കവിത പഠിച്ചത്, വായനശാലയിൽനിന്ന് എടുത്തു വായിച്ചത് ഇന്നും ഓർക്കുന്നു.

''നല്ല ഹൈമവതഭൂവിൽ,—ഏറെയായ്
കൊല്ലം—അങ്ങൊരു വിഭാതവേളയിൽ
ഉല്ലസിച്ചു യുവയോഗിയേകനുൽ—
ഫുല്ലബാല രവിപോലെ കാന്തിമാൻ''

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും മറന്നിട്ടില്ല. ആ പുസ്തകങ്ങൾ ഇന്ന് വായിക്കാൻ കിട്ടുമോ എന്നു ഞാൻ ചോദിക്കുകയാണ്. കുമാരനാശാന്റെയും വള്ളത്തോളിന്റെയും, ടാഗോറിന്റെയും, ഉള്ളൂരിന്റെയും തുടങ്ങി മഹാകവികളുടെ പുസ്തകങ്ങൾ ഇന്ന് വാങ്ങണമെന്നുണ്ടെങ്കിൽ കിട്ടുകയില്ല. മുറുക്കാൻ കടകളിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന സാഹിത്യകൃതികളിൽനിന്നും അതൊന്നും കിട്ടുകയില്ല. അതെല്ലാം ഗ്രന്ഥശാലകളിലാണ് ശേഖരിച്ച് വയ്ക്കുന്നത്. ആ വായനശാലകളും ഗ്രന്ഥശാലകളും ഇന്ന് അടച്ചിട്ടിരിക്കുകയാണ്. അത് പഠിക്കുവാനും വായിക്കാനും ഇന്ന് ആളുകൾക്ക് സൗകര്യം കൊടുക്കുന്നില്ല. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനും അതുപോലെ ആളുകളെ സാക്ഷരതയുള്ളവരാക്കാനും വേണ്ടി കേന്ദ്ര ഗവൺമെന്റ് കോടിക്കണക്കിന് രൂപ ഇന്ന് വിനിയോഗിക്കുന്നുണ്ട്. നാട്ടിൻപുറത്തു അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനും ആളുകളെക്കൊണ്ട് പുസ്തകങ്ങൾ വായിപ്പിക്കുന്നതിനും സജ്ജമാക്കിയിട്ടുള്ള ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും സേവനം ഇന്ന് കാൻഫെഡ് എന്നു പറയുന്ന ഒരു സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഗ്രന്ഥശാലകൾക്കുവേണ്ടി അനുവദിക്കുന്ന തുക മുഴുവൻ അവർ വാങ്ങിച്ചുപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിലും കൊണ്ടുവരണം. സാംസ്കാരിക സമിതികളെയും കലാസമിതികളെയും സ്പോർട്സ് ക്ലബ്ബുകളെയും വിപുലമായി സംഘടിപ്പിക്കാൻ കഴിയുന്ന ഈ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ തകർത്തിരിക്കുന്നത് ബോധപൂർവ്വമാണ്. നമ്മുടെ രാജ്യത്തിന്റെ വളർച്ചക്ക് തടസ്സമായി അമേരിക്കയിൽ രൂപം കൊടുത്തിട്ടുള്ള വിനോദവ്യവസായ ശൃംഖലയുടെ അധമ സാഹിത്യങ്ങളും പൈങ്കിളി സാഹിത്യങ്ങളും പ്രചരിപ്പിച്ചുകൊണ്ടുവരുന്നവർക്ക് കൂട്ടുനിന്നുകൊണ്ട് ബോധപൂർവ്വം ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെ തളർത്താൻവേണ്ടി ശ്രമിക്കുന്ന ഒരു ദേശീയ വീക്ഷണവും ഇല്ലാത്ത കക്ഷിയുടെ നേതാവാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി. ഞാൻ ശ്രീ. പത്മരാജനോട്, കെ. പി. സി സി പ്രസിഡന്റിനോട്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോട് ചോദിക്കുന്നു, നിങ്ങൾ കൂടി അറിഞ്ഞുകൊണ്ടാണോ ഇങ്ങനെ ദേശീയ സാംസ്കാരിക പ്രസ്ഥാനത്തെ തകർക്കാൻ കൂട്ടുനിൽക്കുന്നത്? ഞാൻ രാഷ്ട്രീയം പറയുകയല്ല ഇത് ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ പാടില്ല. അടിയന്തിരമായി നിയമം കൊണ്ടുവന്ന് പാസ്സാക്കണം. അതിനു വേണ്ടി ജനങ്ങൾക്കു താൽപ്പര്യമുള്ള നിയമം കൊണ്ടുവരണം. പൊതു ജനങ്ങളുടെ അഭിപ്രായത്തിന് വിടണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ വസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ഒരു പ്രത്യേക സാഹചര്യത്തിൽ ഗവൺമെന്റ് ഏറെറടുത്ത ഗ്രന്ഥശാലാ സംഘത്തിന്റെ മാനേജുമെന്റിന്റെ കാലാവധി ഇങ്ങനെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നത് ഒരിക്കലും നീതീകരിക്കാൻ കഴിയുകയില്ല. ഈ സംവിധാനത്തോട് യോജിക്കാനും കഴിയുന്നില്ല. ആദ്യം 5 വർഷത്തേക്കാണ് ഇതിന്റെ മാനേജുമെന്റ് ഏറെറടുത്തത്. പിന്നെ 10 വർഷമായി. കഴിഞ്ഞ ദിവസം ഇവിടെ ചർച്ച ചെയ്തത് 10 വർഷമാണെന്നാണ്. സബ്ജക്ട് കമ്മിറ്റിക്ക് പോയപ്പോൾ അതു 11 വർഷമായി മാറി. ഇപ്പോൾ മന്ത്രി പറഞ്ഞത് 1987 മാർച്ചിലും ഒരു നിയമം പാസ്സാക്കി എടുക്കാൻ കഴിയുകയില്ലെന്നാണ്. എന്തായാലും മാർച്ച് മാസം 31—ാം തീയതി അവസാനിക്കുമ്പോൾ ഒരു ഗവൺമെന്റുണ്ടെങ്കിൽ ഒരു ബഡ്ജറ്റ് പാസ്സാക്കണം. ആ ബഡ്ജറിനു ഒരു സമ്മേളനം കൂടാൻ കഴിയാതിരിക്കുകയില്ല. എത്ര നീട്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടുപോയാലും ബഡ്ജറ്റു സമ്മേളനം വരെ നീട്ടിക്കൊണ്ടു പോകാനേ കഴിയുകയുള്ളൂ. അങ്ങനെ ഈ ഗവൺമെന്റായാലും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റായാലും മാർച്ച് മാസത്തിൽ ഇവിടെ ഒരു ഗവൺമെന്റുണ്ടെന്നുള്ളതു് ഉറപ്പുള്ള കാര്യമാണു്. അതുകൊണ്ടു് ഈ മാർച്ച് മാസത്തിൽ ഈ നിയമം പാസ്സാക്കി എടുക്കാൻ കഴിയും എന്നുള്ളതുകൊണ്ടു് ഇതിന്റെ കാലാവധി 10 വർഷം മതി. ഇനി രണ്ടു വർഷം കൂടി ഇതിനു് സമയം വേണമെന്നു് പറയുന്നതു് ഒരിക്കലും നീതീകരിക്കാൻ പറ്റുകയില്ല. അതുകൊണ്ടു് ഏതു ഗവൺമെന്റു് വന്നാലും ഈ നിയമം പാസ്സാക്കാൻ താൽപ്പര്യമുണ്ടാക്കാൻ കഴിയുന്ന വിധത്തിലല്ല, താൽപ്പര്യമില്ലാതാക്കുന്ന ഒരു വിധത്തിലേക്കാണു് ഇതു് മുന്നോട്ടു പോകുന്നതു്. ഓർഡിനൻസു് വേണ്ടി വരും, ഭരണ സ്തംഭനമുണ്ടാകും എന്നൊക്കെയാണു് പറയുന്നതു്. എങ്ങനെയാണു് ഭരണ സ്തംഭനമുണ്ടാകാൻ പോകുന്നതു്. ഒരു ഭരണ സ്തംഭനവും ഉണ്ടാകുകയില്ല. ഇപ്പോഴേ 8 പ്രാവശ്യം ഈ ഓർഡിനൻസു് കൊണ്ടുവന്നു. ഒരു ഭരണസ്തംഭനവും ഈ രംഗത്തില്ല. നിയമസഭയിൽ പറഞ്ഞതിനേക്കാൾ ഒരു കൊല്ലം കൂടി വർദ്ധിപ്പിക്കാൻ വേണ്ടിയാണു് (അതായതു് 1978 ആകുമ്പോഴേക്കും 10 കൊല്ലം ആകും) മന്ത്രി ഈ ഭേദഗതി കൊണ്ടുവന്നതു്. തീർച്ചയായിട്ടും അതു് ശരിയല്ല. ഏതായാലും കൺട്രോൾ ബോർഡിനാണു് ഇതിന്റെ ഭരണമെങ്കിലും നിങ്ങളീ നിയമം കൊണ്ടുവരുന്നില്ലായെങ്കിലും ചില പ്രത്യേക കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. അതു് ഒന്നു് ശ്രദ്ധിക്കുകയും നടപ്പിലാക്കുകയും വേണം. ഫർണീച്ചർ ഗ്രാന്റു് എന്നൊരു സമ്പ്രദായം ഇന്നു് വായനശാലകൾക്കു് ഇല്ല. നാലാളുകൂടുകയറി വന്നാൽ ഇരിക്കാൻ കസേരയില്ല, ബഞ്ചില്ല, മേശയില്ല, വായനക്കു് ആവശ്യമായ കാര്യങ്ങളൊന്നുമില്ല. വളരെയധികം മെച്ചപ്പെട്ട ഗ്രന്ഥശാലകളിൽ ഇത്തരം സംവിധാനങ്ങൾ ഉണ്ടാകും. പ്രത്യേകിച്ചു് ഉൾനാടുകളിൽ ഗ്രാമീണ ഗ്രന്ഥശാലകളിൽ ഫർണീച്ചറിന്റെ അഭാവമുണ്ടു്. ഇന്നു് പഞ്ചായത്തുകളിൽ ഗ്രാന്റു് കൊടുക്കുന്ന ഒരു സംവിധാനമുണ്ടു്. 100 രൂപയുടെ ഫർണീച്ചർ വാങ്ങിയാൽ അവർക്കു് 200 രൂപയുടെ ബില്ലു് കൊണ്ടുകൊടുക്കണം എന്നാണു് ഇന്നുള്ള സംവിധാനം. ആദ്യം 200 രൂപയുടെ സാധനം വാങ്ങി ബില്ലു് കൊണ്ടുകൊടുത്താൽ അതിന്റെ 50 ശതമാനം ചില പഞ്ചായത്തുകൾ വായനശാലകൾക്കു് കൊടുക്കും. അതു് താൽപ്പര്യമുള്ളവർ ചെയ്യും. അതൊന്നും സാദ്ധ്യമുള്ള കാര്യമല്ല. കൂടുതൽ പൈസയുണ്ടാക്കി വാങ്ങിക്കുള്ളതാണെന്നു് എഴുതി, അങ്ങനെ കള്ള ബില്ലു് ഉണ്ടാക്കി കൊടുക്കുന്ന സമ്പ്രദായം ഇന്നു് വായനശാലയിലെ പ്രവർത്തകൻമാരെ പഠിപ്പിക്കാതിരിക്കുന്നതാണു് നല്ലതു്. അതുകൊണ്ടു് എല്ലാ വായനശാലകളിലും ഗ്രന്ഥശാലകളിലും ഫർണീച്ചർ ഗ്രാന്റു് കൊടുക്കുക എന്നുള്ള സംവിധാനം അടിയന്തിരമായി നടപ്പിലാക്കണം. അല്ലെങ്കിൽ വായിക്കാനുള്ള സംവിധാനം ഉണ്ടാകാൻ പോകുന്നില്ല. അതുപോലെ തന്നെ അനൗപചാരിക വിദ്യാഭ്യാസമുണ്ടു്. വളരെയധികം പ്രസിദ്ധീകരണങ്ങൾ ഉണ്ടു്. വളരെയധികം സംഖ്യ മുടക്കാൻ ഗവൺമെന്റു് തയ്യാറാണു്. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ വായനശാലകളോടു് ബന്ധപ്പെടുത്തിയിട്ടു് വായനശാലയുടെ ആഭിമുഖ്യത്തിലും നേതൃത്വത്തിലും സംഘടിപ്പിക്കണമെന്നു് ഇതിനുമുൻപും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണു്. അങ്ങനെയാണെങ്കിൽ അവരെ പഠിപ്പിക്കാൻ കഴിയും. വായനശാല കെട്ടിടങ്ങളിലാണെങ്കിൽ വിളക്കും, ഇരിക്കാനും മറ്റുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം. ഇതു് ചില സ്ഥലത്തു് ചില വീടുകളിലാണു് പ്രവർത്തിക്കുന്നതു്. സ്ഥല സൗകര്യമില്ലാത്ത ചില പ്രദേശങ്ങളിലാണു് ഇതു് നടന്നുവരുന്നതു്. അതുകൊണ്ടു്, ഈ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വായനശാലകളുടേയും ഗ്രന്ഥശാലകളുടെയും ആഭിമുഖ്യത്തിൽ നിർബന്ധമായും ഉണ്ടാക്കണമെന്ന ഒരു സംവിധാനവും തീരുമാനവും ഉണ്ടാകുന്നത് കുറച്ചുകൂടി നന്നാകും. ഇപ്പോഴും ഇവിടെ സംസാരിക്കുന്നതും പ്രസംഗിക്കുന്നതും മന്ത്രി കേൾക്കുന്നില്ല. ഒരു യൂത്ത് ക്ലബ്ബ് ഇവിടെ ഉണ്ടായിരുന്നല്ലോ? പണ്ട് ബഡ്ജറ്റിൽ പ്രസംഗിച്ചിട്ട്, പ്രസിദ്ധമാക്കിയിട്ട്. ഇപ്പോഴും യൂത്ത് ക്ലബ്ബുകളും രൂപീകരിക്കുന്നതിൽ തല്ലും വഴക്കുമായിട്ട് പിരിഞ്ഞുപോവുകയാണ്. ഞാൻ അന്ന് പറഞ്ഞിരുന്നു ഈ യൂത്ത് ക്ലബ്ബുകളെ വായനശാലകളുടെ നേതൃത്വത്തിൽ നിങ്ങൾ സംഘടിപ്പിക്കാൻ മുൻകൈ എടുക്കണമെന്ന്. വായനശാലകളുടെ അംഗങ്ങളെ കൂടി ഇതിൽ മെമ്പറൻമാർ ആക്കണം. അങ്ങനെ സാംസ്കാരിക പ്രവർത്തനങ്ങളുമായി ഈ ക്ലബ്ബുകളെ മുന്നോട്ട് കൊണ്ടുപോകണം. അതിനുവേണ്ടി ചില നടപടികളും സ്വീകരിക്കണമെന്ന് പറഞ്ഞപ്പോഴും ശരി എന്നു പറഞ്ഞു, പക്ഷെ അതിൽ നടപടികളുമില്ല. അത് ഇപ്പോഴും കുറെ സ്ഥലങ്ങളിൽ ചില ആളുകളെ കൽപ്പിച്ചുകൂട്ടി ബോധപൂർവ്വം സംഘടിപ്പിക്കുന്ന ഒരു നടപടിയായി. അത് കൂടി ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ കൊണ്ടുവരണം. ആർട്ട്സ് ക്ലബ്ബുകളും സ്പോർട്ട്സ് ക്ലബ്ബുകളും വായനശാലകളുടെ കീഴിൽ ധാരാളം പ്രവർത്തിക്കുന്നുണ്ട്. ഇന്ന് കാണുന്ന നമ്മുടെ കായിക താരങ്ങളെയും കലാകാരൻമാരെയും അഭിനയിക്കുന്നവരെയെല്ലാം വാർത്തെടുക്കുന്നത് ഗ്രാമീണ ഗ്രന്ഥശാലകളിലൂടെയാണ്. സാഹിത്യത്തിലും മോണോ ആക്ടിലും നൈസർഗ്ഗികമായ വാസനയുള്ള പിഞ്ചു കുട്ടികളും, പ്രത്യേകിച്ച് പാവപ്പെട്ട, സാധാരണക്കാരുടെ മക്കൾക്കിടയിലുണ്ട്. അത് പ്രോൽസാഹിപ്പിക്കാൻ സാമൂഹികമായ, സാഹചര്യങ്ങളും ചുറ്റുപാടുകളും ഇല്ലാത്തതുകൊണ്ടാണ് ബുദ്ധിമുട്ട് വരുന്നത്. അത്തരം സ്ഥാപനങ്ങളെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഗ്രന്ഥശാലാ ലൈബ്രേറിയൻമാർക്ക് ഗ്രാന്റും അലവൻസും, കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. ഏതാനും ചില ലൈബ്രേറിയൻമാർക്ക് മാത്രമേ ഇപ്പോഴും അലവൻസ് കൊടുക്കുന്നുള്ളൂ. അതായത് മെച്ചപ്പെട്ട വായനശാലകളിലും ഗ്രന്ഥശാലകളിലും പതിനായിരക്കണക്കിന് പുസ്തകങ്ങളുള്ള സ്ഥലങ്ങളിൽ മാത്രമേ അലവൻസ് കൊടുക്കുന്നുള്ളൂ. ചെറിയ, സാധാരണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്കും ഗ്രാന്റ് കൊടുക്കണം. ഒരു ചായ കുടിക്കണമെങ്കിൽ, 2 മണിക്കൂർ സമയം വായനശാലയിൽ വരുന്നവർക്ക് പുസ്തകം എടുത്തു കൊടുക്കണമെങ്കിൽ ആ പ്രവർത്തകനു് ഇന്നു് ഒന്നും കിട്ടുന്നില്ല. മഷി വാങ്ങാനോ കടലാസ്സു വാങ്ങാനോ ഒരു ചായ കുടിക്കാനോ ഇവർക്ക് യാതൊരു സംവിധാനവുമില്ല. അതുകൊണ്ട് ലൈബ്രേറിയൻമാർക്ക് ഒരു മിനിമം ഗ്രാന്റ്, 100 രൂപായെങ്കിലും ചുരുങ്ങിയത് എല്ലാ വായനശാലകൾക്കും കൊടുക്കണം എന്ന ഒരു നടപടി കൂടി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ പൊതുവായ ചില പരാമർശനങ്ങളാണ്. ഇതിനെ സംബന്ധിച്ച് നടത്തിയത്. ഞാൻ വളരെ ദീർഘമായിട്ട് പറയുന്നില്ല. കന്നു രണ്ടു പോയിന്റ് സ്മാത്രം സൂചിപ്പിക്കുവാനാഗ്രഹിക്കുകയാണ്. ഒന്ന്, ഇവിടെ സൂചിപ്പിച്ചത് ഒരു ബിൽ കൊണ്ടുവരാൻ ഗവൺമെന്റിനു് ആഗ്രഹമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ കാലാവധി ദീർഘിപ്പിക്കുന്നതെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട പത്മനാഭനാണ് ആദ്യം സംസാരിച്ചത്. അദ്ദേഹം പറഞ്ഞു വല കാര്യങ്ങൾക്കും ഓർഡിനൻസ് കൊണ്ടുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് അല്ലേ, എന്തുകൊണ്ട് ഇതിന് ഒരു ഓർഡിനൻസ് കൊണ്ടു വന്നുകൂടാ എന്ന്. ഇവിടെ ഒരു സന്ദർഭത്തിൽ ഈ കാര്യത്തെക്കുറിച്ച് സംസാരിച്ചതാണ്. ഇതുപോലെ ബഹുജനങ്ങളുമായി വളരെയേറെ ബന്ധപ്പെടുന്ന ഒരു സംഗതി എന്നുള്ളനിലയിൽ അതൊരു ഓർഡിനൻസായി കൊണ്ടുവരുന്നത് ശരിയല്ല എന്ന ഒരു സമീപനം ഗവൺമെൻറിനുണ്ടായതുകൊണ്ടാണ് ഇതൊരു ബില്ലായിട്ട് കൊണ്ടുവരാനുള്ള തീരുമാനമെടുത്തത്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ, 1985-ൽ ആണ് ഈ ബിൽ ആദ്യം പ്രസിദ്ധീകരിച്ചത്. അന്നു സെലക്ട് കമ്മിറ്റിക്ക് അയക്കുവാനുള്ള ശ്രമം നമ്മൾ നടത്തി. ഐകകണ്ഠ്യേന അയയ്ക്കാമോ എന്നു നോക്കി. അത് നടന്നില്ല. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ നമ്മുടെ ചീഫ് വിപ്പ് ഡോ. കെ. സി. ജോസഫ് പ്രതിപക്ഷ നേതാക്കൻമാരുമായി ഈ കാര്യത്തെക്കുറിച്ചു സംസാരിച്ചു. പബ്ലിക് ലൈബ്രറി ബിൽ - സെലക്ട് കമ്മിറ്റിക്ക് ഒന്ന് അയയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നു പറഞ്ഞു. ചില സാങ്കേതികകാരണങ്ങളാൽ അത് നടക്കുന്നില്ല എന്നാണ് അദ്ദേഹം ഇന്നു രാവിലെ എന്നോടു പറഞ്ഞത്. എല്ലാവരുംകൂടി സമ്മതിക്കുമെങ്കിൽ ഇത് സെലക്ട് കമ്മിറ്റിക്ക് അയച്ച് തെളിവെടുപ്പ് നടത്തി അടുത്ത നിയമസഭാസമ്മേളനമാകുമ്പോഴേക്കും ബിൽ നമുക്ക് തിരികെകൊണ്ടുവന്ന് ആവശ്യമായ ഭേദഗതികളോടുകൂടി പാസ്സാക്കാനും നിയമമാക്കാനും സാധിക്കും.

ശ്രീ. കെ. പി. പ്രഭാകരൻ: സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിന് ഞങ്ങൾ യാതൊരു വിരോധവും പറഞ്ഞില്ല. അതിവിടെ എടുത്ത് ഡിസ്കഷൻ നടത്തിയിട്ട് അയയ്ക്കണമേന്നേ പറഞ്ഞുള്ളൂ.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ ടൈംഷെഡ്യൂൾ ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനറിയാമല്ലോ? ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല. നമുക്ക് സമയം വളരെ ചുരുക്കമാണ്. സമയമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: അത് ഞങ്ങളുടെ തലയിൽ വയ്ക്കണ്ട.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ആരുടേയും തലയിൽ വച്ചില്ല. ഞാൻ ഇവിടെ നടന്ന ഒരു കാര്യംമാത്രമേ പറഞ്ഞുള്ളൂ. അങ്ങനെ ഒരു സാഹചര്യം ഉണ്ടായില്ല. ആരുടെയും തലയിൽവയ്ക്കാനല്ല പറഞ്ഞത്. അങ്ങനെയൊരു സാഹചര്യമുണ്ടായിരുന്നുവെങ്കിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചിട്ട് തിരികെ കൊണ്ടുവന്നു പാസ്സാക്കാൻ കഴിയുമായിരുന്നു. അങ്ങനെയൊരു സാഹചര്യമില്ല. എന്തായാലും ചർച്ച ചെയ്തേ അയയ്ക്കാൻ കഴിയൂ എന്ന നിലപാട് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സ്വീകരിച്ചതുകൊണ്ട് അങ്ങനെ ചർച്ച ചെയ്യേണ്ടതും ആവശ്യമായിവരും. അതിനു സമയമില്ലാത്തതുകൊണ്ട് ഈ ബിൽ ഈ നിയമസഭാസമ്മേളനകാലത്ത് പരിഗണിക്കാൻ നിർവ്വാഹമില്ല. അങ്ങനെയൊരു സാഹചര്യംകൂടി മുന്നിൽകണ്ടുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തിയത്. ഇവിടെ ബഹുമാനപ്പെട്ട സി. ടി. കൃഷ്ണൻതന്നെ ചോദിച്ചു പത്തുവർഷമെന്നുള്ളത് 11 വർഷം ആക്കിയില്ലെങ്കിൽ എന്താണ്, 1987 മാർച്ച് മാസത്തിനു എന്തായാലും, ബഡ്ജറ്റ് പാസ്സാക്കണം. ബഡ്ജറ്റു സമ്മേളനം കൂടണമെന്നു പറഞ്ഞു. ശരിയാണ്. ബഡ്ജറ്റ് സമ്മേളനം കൂടിയേ കഴിയൂ. പക്ഷേ ഒരു കാര്യമുണ്ട്. എന്ന് നമ്മുടെ നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്നു പാസ്സാക്കിയാലും അപ്പോഴേക്കും ഇത് റിപ്പീൽ ചെയ്തുപോകും. പിന്നെ 1988 വരെ

LIBRARY ARCHIVES Kerala Legislative Assembly

ആയി എന്നോർത്ത് ഒരു കുഴപ്പവുമില്ല. 1988 വരെ ഈ നിയമത്തിന് പ്രാബല്യമുണ്ടെങ്കിലും എന്നെങ്കിലും നിയമസഭ ഒരു ബിൽ പാസ്സാക്കുകയാണെങ്കിൽ ഇപ്പോഴത്തെ നിലവിലുള്ള ആക്ട് ലാപ്സായിപ്പോകും. റിപ്പീൽ ചെയ്യാൻ നമുക്ക് സാധിക്കും. അങ്ങനെ പ്രൊവിഷൻ ഇട്ടാണല്ലോ നമ്മളീ ബിൽ പാസ്സാക്കുന്നത്. അതുകൊണ്ട് 1988 വരെ നീട്ടുക എന്നു പറഞ്ഞത് ഇനിയൊരു ഭരണ സ്തംഭനമുണ്ടാകാനും ഓർഡിനൻസിനുമുള്ള സാഹചര്യം ഉണ്ടാകരുത് എന്നുള്ളതുകൊണ്ടാണ്. കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിക്കേണ്ട ഒരു നിയമമാണിത്. അതുകൊണ്ട് കേന്ദ്രത്തിലേക്ക് ഇത് അയയ്ക്കേണ്ടതായിട്ട് വരും. അങ്ങനെയൊരു സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനുകൂടിയാണ്, ഭരണപരമായ സ്തംഭനം ഉണ്ടാകരുതെന്നുള്ളതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട അംഗങ്ങളുമായി ചർച്ച നടത്തിയത്. അപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ സന്നിഹിതരായിരുന്ന എല്ലാവരുംകൂടി സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 11 വർഷം എന്നാക്കി. മാറുകയാണുണ്ടായത്. ഇവിടെ ശ്രീ. കേശവൻ പറഞ്ഞു ദേശീയവീക്ഷണമില്ലാത്ത ഒരു കക്ഷിയുടെ പ്രതിനിധിയാണ് മന്ത്രി, അതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നത് എന്ന്. എന്റെ പാർട്ടിക്ക് ദേശീയവീക്ഷണവുമുണ്ട്, ദേശീയകാഴ്ചപ്പാടുമുണ്ട്. ഇത് ഞാൻ കൊണ്ടുവന്ന ബില്ലൊന്നുമല്ല. 1977—ൽ ബഹുമാനപ്പെട്ട സി. അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ (അദ്ദേഹം ദേശീയവീക്ഷണമുള്ള ഒരു കക്ഷിയുടെ നേതാവാണെന്ന് ശ്രീ. കേശവൻ അംഗീകരിക്കുന്നുണ്ടല്ലോ) കൊണ്ടുവന്ന ബില്ലാണ്. അത് അതേ പ്രൊവിഷൻസ്വച്ചുതന്നെ നമ്മൾ ഇപ്പോൾ നീട്ടി 11 വർഷം ആക്കി എന്നുമാത്രമേയുള്ളൂ. അതിനകത്ത് വേറൊരു വ്യത്യാസവും വരുത്തിയില്ല. അതുകൊണ്ട് ആ കാര്യങ്ങളൊക്കെ ആ നിലയിൽ കാണുകയും ചിത്രീകരിക്കുകയും ചെയ്യുന്നത് ശരിയല്ല. നമ്മുടെ ഒരു സാംസ്കാരിക സ്ഥാപനമെന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകേണ്ടതാ, ആവശ്യമായിട്ടുണ്ട്. ഇവിടെ ഒരു ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞു, മൊബൈൽ ഗ്രന്ഥശാലാ എന്ന ഏർപ്പാടുണ്ടായിരുന്നത് നിർത്തലാക്കിയെന്ന്. മൊബൈൽ ഗ്രന്ഥശാല ഉപയോഗിച്ചിരുന്നത് വായനശാലകളിൽനിന്നും മറ്റു വായനശാലകളിലേക്ക്, പുസ്തകങ്ങൾ എത്തിക്കുന്നതിനുവേണ്ടിയായിരുന്നു. അല്ലാതെ റീഡിംഗ് സൗകര്യത്തിനുവേണ്ടിയല്ല. അത് ഫലപ്രദമല്ലാതായിട്ടാണ് കണ്ടത്. അതുകൊണ്ട് അത് നിർത്തി അതിനു ശേഷം ഗ്രാമീണ പുസ്തകവിതരണപദ്ധതി എന്നു പറഞ്ഞ് ഒരു പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. അത് പീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണ്. അത് വളരെ സക്സസ്ഫുള്ളായി നടക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ നമ്മുടെ ഗ്രാമീണഗ്രന്ഥശാലകൾക്ക് ടെലിവിഷൻ കൊടുക്കാനുള്ള ഒരു സമഗ്രമായ പദ്ധതി ഞങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കെൽട്രോണുമായിട്ട് അതിനെക്കുറിച്ചുള്ള ചർച്ചകൾ നടത്തി. കേരളത്തിലെ കുറെ ലൈബ്രറികൾക്ക് ടെലിവിഷൻ കൊടുത്തുകഴിഞ്ഞു. എല്ലാ ലൈബ്രറികൾക്കും കുറെ കാലങ്ങൾകൊണ്ട് ടെലിവിഷൻ കൊടുക്കത്തക്കവിധത്തിൽ ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. നമ്മുടെ ഗ്രാമീണപ്രദേശങ്ങളിൽ റേഡിയോ കൊടുക്കാനുള്ള ഒരു സ്കീം നേരത്തെ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ അത് ടെലിവിഷനാക്കി മാറ്റി ദൃശ്യമാധ്യമം എന്നുള്ള നിലയിൽ ആളുകൾക്ക് അതിനുള്ള സൗകര്യമുണ്ടാക്കുവാൻ ഒരു സ്കീം ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ കുറെ ലൈബ്രറികൾക്കു കൊടുക്കുകയും ചെയ്തു. അതുപോലെ നമ്മുടെ സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തെ ജയിലുകളിൽ വായനശാലകളും ആരംഭിച്ചിട്ടുണ്ട്, പുതിയ രേണ സംവിധാനം ആരംഭിച്ചതിനുശേഷംതന്നെ. കാർഷികവികസന പരിപാടി കൾക്കുവേണ്ടിയുള്ള പല പരിപാടികളും ആരംഭിച്ചു. അങ്ങനെ പല നല്ല സ്കീമുകളും ഇന്നത്തെ ഈ കൺട്രോൾ ബോർഡ് നിലവിൽവന്നതിനു ശേഷം നടപ്പിലാക്കിവരുന്നുണ്ട്.

മറെറാന്ന് ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത് ഇവിടെ ശ്രീ. സി.ടി. കൃഷ്ണൻതന്നെ പറഞ്ഞു ലൈബ്രേറികൾക്ക് കൊടുക്കുന്ന ഗ്രാൻറ് അപ ര്യാപ്തമാണ്, അവിടെ പുസ്തകം വാങ്ങാനുള്ള സൗകര്യമില്ല അറ്റ കുറ്റം കിൽ യാതൊരുതരത്തിലുള്ള സൗകര്യവുമില്ല, ഫർണീച്ചർപോലുമില്ലെന്ന്. അത് സത്യമായിട്ടുള്ള ഒരു കാര്യമാണ്. ലൈബ്രേറികൾക്കു കൊടുത്തു കൊണ്ടിരിക്കുന്ന ഗ്രാൻറ് വളരെ കുറവായിരുന്നു. ഗ്രഡേഷൻ നടത്തി യാണ് ഗ്രാൻറ് നിശ്ചയിച്ചുകൊണ്ടിരുന്നത്. ഗ്രാൻറിൻെറ കാര്യത്തിൽ സർക്കാരിൻെറ പരിമിതികളും കണക്കിലെടുത്തു കൊണ്ടുതന്നെ വർദ്ധനവു ണ്ടാക്കിയിട്ടുണ്ട്. നമ്മൾ നൽകിക്കൊണ്ടിരുന്ന ഏറെറവും കുറഞ്ഞ ഗ്രാൻറ് 450 രൂപയായിരുന്നു. അത് ആയിരം രൂപയാക്കി വർദ്ധിപ്പി ച്ചിട്ടുണ്ട്. അതുപോലെതന്നെ കൂടിയ ഗ്രാൻറ് 5,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറെയേറെ ലൈബ്രേറികൾക്ക് അതിൻെറ പ്രയോ ജനം ലഭ്യമാക്കുവാൻ കഴിഞ്ഞു. അതുപോലെ ലൈബ്രേറിയർ അലവൻസ് മൂന്നിരട്ടിവരെ വർദ്ധിപ്പിച്ചുകൊടുക്കാനുള്ള തീരുമാനം ഗവൺമെൻറ് എടുക്കുകയും നടപ്പിലാക്കുകയും ചെയ്തു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നിർദ്ദിഷ്ട ബില്ലിൽ വിദ്യാ ഭ്യാസത്തിനുവേണ്ടി വയ്ക്കുന്നതിൽ 5 ശതമാനത്തിനും ഒരു ശതമാനത്തിനു മിടയ്ക്കുള്ള സംഖ്യ കൊടുക്കണമെന്നു പറയുമ്പോൾ ചുരുങ്ങിയത് നാലു കോടി രൂപയെങ്കിലും ഇതിന് കൊടുക്കണം. ഇപ്പോൾ കൊടുക്കുന്നത് വെറും 68 ലക്ഷം രൂപ മാത്രമാണ്. അതുകൊണ്ട് ആനുകാലികമായ വർദ്ധന ലൈബ്രേറിയൻ ഗ്രാന്റിൽ വരുത്താൻ ശ്രദ്ധിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അതിനെപ്പററി പറയാം. ഞാൻ പറയാനിരുന്ന ഒരു പോയിൻറാണ് അത്. ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിൻെറ ഗ്രാൻറിൻെറ കാര്യം ശ്രീ. സി.ടി. കൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതാണ്. അതിപ്പോൾ പി. ഡബ്ലിയു. ഡി. റേറിൻെറ 50 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. അത് പരമാവധി 50,000 രൂപയാണ്. ഇപ്പോൾ ഉള്ളത് 25,000 രൂപയാണ്. അങ്ങനെ നമ്മുടെ ബഡ്ജറ്റ് അലോക്കേഷൻ എന്നു പറയുന്നത് ശ്രീ. തേറമ്പിൽ രാമ കൃഷ്ണൻ പറഞ്ഞത് ശരിയാണ്. 68 ലക്ഷം രൂപയാണ് ഈ വർഷം നമുക്കുള്ളത്. അതിൽനിന്നുമാണ് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കു ന്നത്. കുറെക്കൂടി പണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതു കൊണ്ട് നിർദ്ദിഷ്ട ലൈബ്രറി ബില്ലിൽ വിദ്യാഭ്യാസത്തിനുവേണ്ടി മാററിവയ്ക്കുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാതെയുള്ള തുക ലൈബ്രറിബോർഡിൻെറ പ്രവർത്തനങ്ങൾക്കുവേണ്ടി ഗ്രാൻറായിട്ട് നൽക ണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ ഇതിന കത്ത് എത്ര ചുരുങ്ങിയാലും നാലുകോടി രൂപയെങ്കിലും ലൈബ്രറി കൾക്കുവേണ്ടി കിട്ടും. നിയമത്തിൻെറ ഭാഗമാക്കിമാററിയാൽ അത് പ്രൊവൈഡ് ചെയ്തേ കഴിയൂ. ഇപ്പോൾ നാലായിരം ലൈബ്രറികളാ ണുള്ളത്: നാലുകോടിരൂപ കിട്ടുകയാണെങ്കിൽ നമ്മുടെ ഗ്രന്ഥശാല കളുടെ ഇന്നത്തെ സ്ഥിതി വളരെയേറെ വ്യത്യാസപ്പെടുമെന്നുള്ള കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സംശയവുമില്ല. അങ്ങനെയുള്ള നല്ല വശങ്ങളൊക്കെ ഈ ബില്ലിനുണ്ട്. അത് പാസ്സാക്കിയെടുത്താൽ ഏറ്റവും നല്ല കാര്യമായിരിക്കും. അതിനുവേണ്ടിയുള്ള ശ്രമം നടത്താം. മറ്റു കാര്യങ്ങളിലേക്കൊന്നും ദീർഘമായി കടക്കുന്നില്ല. അതിൽ ദുരുദ്ദേശമൊന്നുമില്ല. 1987 മാർച്ച് 15—ാം തീയതിയാണ് കാലാവധി അവസാനിക്കുന്നത്. 1988 മാർച്ച് വരെ എന്നുള്ളത് നീട്ടാനുണ്ടായ കാരണം ഭരണപരമായ സ്തംഭനം ഉണ്ടാകരുത്, അങ്ങനെ വരുമ്പോൾ വീണ്ടും ഒരു ഓർഡിനൻസിനുള്ള സാഹചര്യം ഉണ്ടാകാതിരിക്കാൻവേണ്ടിയാണ് ഒരു വർഷം നീട്ടിയിരിക്കുന്നത്. നമുക്ക് എല്ലാവർക്കും കൂടി കൂട്ടായി പരിശ്രമിച്ച് എങ്ങനെയെങ്കിലും ലൈബ്രറിബിൽ പാസ്സാക്കിയാൽ നന്നായിരിക്കും. അതുകൊണ്ട് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1986—ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ പരിഗണനക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കു് എടുത്തു.

രണ്ടാ വകുപ്പ്

Shri. E. Padmanabhan: Sir, I move that, for clause 2 the following clause shall be substituted namely:—

"2. Amendment of Section 3.—In the Kerala Grandhasala Sangham (Taking over of Management) Act 1977 (19 of 1977) (hereinafter referred to as the Principal Act) in section 3, in the proviso to sub-section (6) for the words "for more than five years" the words "beyond the 31st day of December, 1986" shall be substituted.

സർ, 10 വർഷംവരെ ഇതിന്റെ കാലാവധി നീട്ടണമെന്നുള്ള ഡ്രാഫ്റ്റ് ബില്ല് അല്ലെങ്കിൽ മുൻപുള്ള നിയമം കൊണ്ടുവന്ന സമയത്ത് എന്തെല്ലാം വാഗ്ദാനങ്ങളാണോ ഈ വിദ്യാഭ്യാസവകുപ്പ് മന്ത്രി അന്നത്തെ നിയമസഭയിൽ വച്ചത്, അതിന്റെയെല്ലാം ആവർത്തനമെന്നല്ലാതെ ഇവിടെ പുതിയതായി യാതൊന്നുമില്ല. വലിയൊരു മഹത്തായ ബില്ല് വരാൻ പോകുന്നു എന്ന് പായുന്നതല്ലാതെ അത് കൊണ്ടുവരാൻ യാതൊരു ഉദ്ദേശവുമില്ല. ഈ നിയമസഭയുടെ കാലാവധി മുഴുവൻ കഴിയുന്നതുവരെയും ഇത് കൊണ്ടുവരുന്നതിന് ഒരു ഉറപ്പുമില്ലെന്ന കാര്യം ഉറപ്പിക്കുകയാണ് ഇപ്പോൾ ചെയ്തത്. ഇത് ഇനി അടുത്ത നിയമസഭയുടെ കാലത്ത് ആരെങ്കിലും വേണമെങ്കിൽ ചെയ്യണം. അത് ചെയ്തില്ലെങ്കിലും കുഴപ്പമില്ല. ആ നിലയിൽ ഇതിനെ മാറ്റരുത്. വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തണമെന്നുള്ള വലിയൊരു വാശിയിലാണ് ഇപ്പോൾ നമ്മൾ നടക്കുന്നത്. നാട്ടിൻ പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത്കൊണ്ട് നാടും നഗരവും തമ്മിലുള്ള വിദ്യാഭ്യാസത്തിന്റെ റിസൽട്ട് എടുത്തു നോക്കിയാൽ വ്യത്യാസം അറിയാം. ബുദ്ധിശക്തി കൂടുതലു

LIBRARY ARCHIVES Kerala Legislative Assembly

ള്ളവരെല്ലാം തിരുവനന്തപുരത്തും കോട്ടയത്തും എറണാകുളത്തും അധികം കാണും. എന്നാൽ നാട്ടിൻപുറങ്ങളിൽ കുറഞ്ഞ മാർക്ക് വാങ്ങുന്നത് ബുദ്ധിശക്തിയുടെ കുറവുകൊണ്ടൊന്നുമല്ല. അതിനുള്ള സൗകര്യങ്ങളുടെ കുറവാണ്. വായനശാലകൾക്കാണ് ഈ സെക്കൻഡറി റീഡിംഗിനു ആവശ്യമായിട്ടുള്ള പുസ്തകങ്ങളും മറ്റും വിദ്യാർത്ഥികൾക്ക് നൽകാൻ സാധിക്കുക. ഇന്ന് ലിറ്റററി പ്രോഗ്രാം, അഡൽറ്റ് ലിറ്റററി പ്രോഗ്രാം വ്യാപകമായി നടക്കുന്ന കാലമാണ്. അതോടൊപ്പംതന്നെ ഫങ്ഷണൽ ലിറ്റററിയുടെ കാലഘട്ടവുമാണ്. ഇതെല്ലാം വിജയിക്കണമെങ്കിൽ ഗ്രന്ഥശാലാപ്രസ്ഥാനം വിജയിച്ചേ മതിയാകൂ. അതിന് പര്യാപ്തമായ ഒരു ബില്ല് ഉണ്ട്. കഴിഞ്ഞ നിയമസഭയുടെ അവസാന കാലഘട്ടത്തിലെ അവസാന ദിവസങ്ങളിൽകൊണ്ടുവന്ന് സെലക്ട് കമ്മിറ്റി തെളിവെടുത്തു. അതോടുകൂടി അതിന്റെ കഥ കഴിഞ്ഞു. ഈ നിയമസഭയുടെയും കാലാവധിയുടെ സമയത്ത് ഒന്നുകൂടി സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാൻ എല്ലാവരും സഹകരിക്കണമെന്നാണ് മന്ത്രി പറയുന്നത്. ഞാൻ നിട്ടുന്നില്ല. ഈ രീതിയിലുള്ള ആവർത്തനം കൊണ്ട് ഒരു ഉപ്പും ഈ നിയമസഭയ്ക്ക് കിട്ടുന്നില്ല. അനൗദ്യോഗികമായി ലൈബ്രറി പ്രസ്ഥാനത്തിൽ പരിശ്രമിക്കുന്ന ആളുകൾക്ക് ഏറ്റവുമധികം നിരാശയുണ്ടാക്കുന്ന ഒരേർപ്പാടാണ് ഈ രീതിയിൽ നിയമം കൊണ്ടുപോയാൽ ഉണ്ടാകുന്നത്. സർ, കേവലം ഭരണപരമായ പ്രതിസന്ധി വരുമ്പോൾ മാത്രം പ്രതിസന്ധിയെക്കുറിച്ച് ആലോചിക്കുകമാത്രമാണ് ഈ വിദ്യാഭ്യാസവകുപ്പും വിദ്യാഭ്യാസമന്ത്രിയും ചെയ്യുന്നത്. ഇന്ന് ഭരണപരമായ പ്രതിസന്ധിയുണ്ടായിരിക്കുന്നു. വരുന്ന മാർച്ച് മാസത്തിലുണ്ടാകാൻ പോകുന്ന പ്രതിസന്ധിയെക്കൂടി അങ്ങ് ഹോം മുന്നിൽ കണ്ടു. അതിനെയും തരണം ചെയ്യണം. അതല്ലാതെ ഗ്രന്ഥശാലയിൽ എന്തെങ്കിലും മെച്ചമുണ്ടാക്കണമെന്നുള്ളതോ, നാട്ടിൻപുറങ്ങളിലുള്ള നമ്മുടെ അടുത്ത തലമുറക്ക് ഇതുകൊണ്ട് എന്തെങ്കിലും ഗുണം കിട്ടണമെന്നുള്ളതോ ആയ കാഴ്ചപ്പാടല്ല ഉള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നിയമസഭയുടെ കാലാവധിക്കുള്ളിൽത്തന്നെ ഇത് നിയമമാക്കണമെന്ന്. ആ നിർബന്ധത്തോടുകൂടിയാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നത്. വരുന്ന ഡിസംബറിനപ്പുറത്തുള്ള ഒരു ദിവസവും ഈ ബില്ലിന് പ്രാബല്യമുണ്ടാകരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri. V. J. Thankappan: Sir, I move that, for clause 2 the following clause shall be substituted namely:—

"Amendment of section 3.—In the Kerala Grandhasala Sangham (Taking over of Management) Act 1977 (19 of 1977) (hereinafter referred to as the Principal Act) in section 3, in the proviso to sub-section (6) for the words "for more than five years" the words "beyond the 31st day of December 1987" shall be substituted.

സർ, ഇവിടെ മറുപടി പറഞ്ഞപ്പോൾ ബഹുമാന്യനായ മന്ത്രി പറഞ്ഞു പ്രതിപക്ഷവുംകൂടി സഹകരിച്ചാൽ അടിയന്തിരമായി ഒരു ബില്ല് കൊണ്ടുവരാം, പാസ്സാക്കാമെന്ന്. ഞങ്ങളെ സംബന്ധിച്ച് യാതൊരു സഹകരണക്കുറവും ഇക്കാര്യത്തിൽ ഉണ്ടാകുകയില്ല. പക്ഷെ ഇതുവരെ എന്തുകൊണ്ട് ഇത് കൊണ്ടുവരാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് കുറെക്കൂടി നീട്ടിയ ഒരു തീയതി ഞാൻ പറഞ്ഞത്. 11 വർഷം എന്നു പറയുമ്പോൾ ഇഷ്ടംപോലെ നീട്ടിക്കൊടുക്കുന്ന ഒരു സമ്പ്രദായത്തോട് യോജിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ല. കഴിയുന്നിടത്തോളം വേഗം ഒരു ബില്ല് കൊണ്ടുവന്ന് പാസ്സാക്കി നടപ്പിലാക്കാനുള്ള ഒരു കാലാവധിയാണ് എന്റെ ഭേദഗതി നിർദ്ദേശത്തിലുള്ളത്. സർ, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ജനാധിപത്യസ്ഥാപനം തിരഞ്ഞെടുക്കപ്പെട്ട രീതിയിൽ നടത്താൻ കഴിയുന്നുണ്ടോ? ഇപ്പോഴും നിലവുള്ള ജനാധിപത്യ സ്ഥാപനങ്ങളെ മുഴുവൻ തകർത്തുകൊണ്ട് അതെല്ലാം ഡിപ്പാർട്ടുമെന്റ് ഭരണത്തിൻകീഴിൽക്കൊണ്ടുവരാൻ ശ്രമിക്കുന്നതാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. ഈ കിട്ടിയ നാലരവർഷത്തിനകത്തു ഗ്രന്ഥശാലാസംഘത്തിന്റെ ബില്ല് കൊണ്ടുവന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരു സംവിധാനത്തിന് അതു കൈമാറാൻ തയ്യാറാകാതെ, ഞാൻ ഇതിന്റെ പൊതു ചർച്ചയിൽ പറഞ്ഞതു പോലെ ഇതിൽ ചില ആളുകളെ ഇരുത്തി കേരളാ കോൺഗ്രസ്സിന്റെ കറവപ്പശുവാക്കി ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനാക്കി മാറ്റിയെടുക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. അതിനു ഒരു വിരാമമിട്ടുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ഒരു ബോഡിക്ക് അധികാരം കൈമാറി ഒരു യൂണിഫോം ഗ്രന്ഥശാലാ ബില്ല് കൊണ്ടുവരുന്നതിനു അവസരം നൽകുന്ന, ഏകദേശം ഒന്നേകാൽ വർഷത്തെ സമയം കൊടുത്തുകൊണ്ടുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. മന്ത്രി അത് അംഗീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ശ്രീ. പത്മനാഭൻ ആവശ്യപ്പെട്ടിരിക്കുന്നത് 1986 ഡിസംബർ വരെയും ശ്രീ. തങ്കപ്പൻ ആവശ്യപ്പെട്ടിരിക്കുന്നത് 1987 ഡിസംബർവരെയുമെന്നുള്ളതു പരിമിതപ്പെടുത്തണമെന്നുള്ളതാണ്. അതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് പറഞ്ഞു. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും എന്തെങ്കിലും നിലയിലുള്ള ഭരണസ്തംഭനമുണ്ടായാൽ അതിനു ബുദ്ധിമുട്ടുണ്ടാകും. അപ്പോൾ ഓർഡിനൻസ് വേണ്ടിവരും. ശ്രീ. പത്മനാഭൻ പറഞ്ഞത്, എന്തോകാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടു ചെയ്യുന്നുവെന്നുള്ളതുകൊണ്ട് ബില്ല് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് ആഗ്രഹമില്ലെന്നാണ്. ആഗ്രഹം ഇല്ലായ്കയല്ല. ബില്ല് ഇവിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു നിയമസഭാ സമ്മേളനം നിയമനിർമ്മാണത്തിനുവേണ്ടി മാത്രം കൂടണമെന്ന് ആലോചനയുണ്ട്. സ്വാഭാവികമായും പരിമിതികൾ ഉണ്ടെന്നേ നമുക്കറിയാം. ധാരാളം ഓർഡിനൻസുകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ആ ഓർഡിനൻസുകളെല്ലാം റിപ്ലേസ് ചെയ്യുകയെന്നുള്ളതിനാണ് അന്ന് സ്വാഭാവികമായും പ്രയോറിറ്റി കിട്ടുക. അതുകൊണ്ട് അടുത്ത നിയമസഭാസമ്മേളനം നിയമനിർമ്മാണത്തിനുവേണ്ടി കൂടുമ്പോൾ പബ്ലിക് ലൈബ്രറി ബില്ല് നിയമമാക്കാനുള്ള താൽപ്പര്യം ഗവൺമെന്റിന്റെ ഭാഗത്തുണ്ടാകും. ആ സമീപനത്തോടെ യോജിച്ചുകൊണ്ട് ഈ ബില്ല് പാസ്സാക്കാൻ കഴിഞ്ഞാൽ, അപ്പോൾ നിലവിലുള്ള ഈ ബില്ല് റിപ്പീൽ ചെയ്തുപോകും. അതിനാൽ ഈ ഭേദഗതി അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നും നാലും വകുപ്പുകൾ

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3–ഉം 4–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 1986–ലെ കേരളാ ഗ്രന്ഥശാലാസംഘം (ഭരണ നിർവ്വഹണം ഏറെറടുക്കൽ) ഭേദഗതി ബില്ല് പാസ്സാക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986–ലെ കേരളാ ഗ്രന്ഥശാലാ സംഘം (ഭരണനിർവ്വഹണം ഏറെറടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്നുള്ള പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. പി. ജെ. തങ്കപ്പൻ: സർ, ഞാൻ പോയ ആവശ്യപ്പെടുന്നു.

(സഭ താഴെക്കാണുംവിധം വേർതിരിഞ്ഞ് വോട്ടു രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—57

1. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
2. ,, സി. ടി. അഹമ്മദ് അലി
3. ,, കെ. അവുക്കാദർകുട്ടി നഹ
4. ,, ആർ. ബാലകൃഷ്ണപിള്ള
5. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
6. ,, ബെന്നി ബഹനാൻ
7. ,, പി. ഭാസ്കരൻ
8. ,, വി. ദിനകരൻ
9. ,, എ. ജോർജ്ജ്
10. ,, പി. സി. ജോർജ്ജ്
11. ,, എം. എ. ഹസ്സൻ
12. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
13. ,, എ. എൽ. ജേക്കബ്
14. ,, ടി. എം. ജേക്കബ്
15. ,, ടി. എസ്. ജോൺ
16. ,, എ. സി. ജോസ്
17. ,, ജോസ് കുറ്റിയാനി
18. ഡോക്ടർ കെ. സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. കെ. സി. ജോസഫ്
20. ,, വി. വി. ജോസഫ്
21. ശ്രീമതി എം. കമലം
22. ശ്രീ. കെ. ജി. ആർ. കർത്താ
23. ,, ജി. കാർത്തികേയൻ
24. ,, പി. കെ. കുഞ്ഞാലിക്കുട്ടി
25. ,, മണിമംഗലത്തു കുട്ട്യാലി
26. ,, ഇ. ജെ. ലൂക്കോസ്
27. ,, കെ. പി. എ. മജീദ്
28. ,, എം. വി. മാണി
29. ,, കെ. മുഹമ്മദാലി
30. ,, പി. എ. മുഹമ്മദ്കുട്ടി
31. ,, പി. വി. മുഹമ്മദ്
32. ശ്രീ. ടി. എച്ച്. മുസ്തഫ
33. ,, കെ. എസ്. നാരായണൻനമ്പൂതിരി
34. ,, കെ. പി. നൂറുദ്ദീൻ
35. ,, കെ. രാഘവൻമാസ്റ്റർ
36. ,, രാഘവൻ പൊഴക്കടവിൽ
37. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
38. ,, കെ. പി. രാമചന്ദ്രൻനായർ
39. ,, എസ്. രാമചന്ദ്രൻപിള്ള
40. ,, തേറമ്പിൽ രാമകൃഷ്ണൻ
41. ,, കെ. പി. രാമൻ
42. ,, തോപ്പിൽ രവി
43. ,, വയലാർ രവി
44. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
45. ,, കടവൂർ ശിവദാസൻ
46. ,, നാലകത്തു സൂപ്പി
47. ,, കെ. കെ. ശ്രീനിവാസൻ
48. ,, പന്തളം സുധാകരൻ
49. ,, കോട്ടക്കുഴി സുകുമാരൻ
50. ,, സി. എം. സുന്ദരം
51. ,, എൻ. സുന്ദരൻനാടാർ
52. ,, വി. സുരേന്ദ്രൻപിള്ള
53. ,, പി. പി. തങ്കച്ചൻ
54. ,, സി. എഫ്. തോമസ്
55. ,, കെ. കെ. തോമസ്
56. ,, ടി. വി. വിജയരാജൻ
57. ,, സ്റ്റീഫൻ പാടുവ

പ്രതികൂലിക്കുന്നവർ—42

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി കെ. ആറുമുഖൻ
3. ,, ബേബി ജോൺ
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, ഒ. ഭരതൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ
7. ശ്രീ. കെ. ചന്ദ്രശേഖരൻ
8. ,, എൻ ചന്ദ്രശേഖരക്കുറുപ്പ്
9. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
10. ,, കെ. ജെ. ജോർജ്ജ്
11. ശ്രീമതി കെ. ആർ. ഗൗരി
12. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
13. ,, കെ. ഇ. ഇസ്മായിൽ
14. ,, വി. സി. കബീർ
15. ,, കെ. ടി. കണാരൻ
16. ,, എം. കെ. കേശവൻ
17. ,, വി. കേശവൻ
18. ,, സി. ടി. കൃഷ്ണൻ
19. ,, കെ. കൃഷ്ണൻകുട്ടി
20. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
21. ,, പി. കുമാരൻ
22. ,, ലോനപ്പൻ നമ്പാടൻ
23. ,, സി. പി. മൂസ്സാൻകുട്ടി
24. ,, എ. കെ. പത്മനാഭൻ
25. ,, ഇ. പത്മനാഭൻ
26. ,, കെ. പങ്കജാക്ഷൻ
27. ,, ടി. പി. പീതാംബരൻ മാസ്റ്റർ
28. ,, കെ. പി. പ്രഭാകരൻ
29. ശ്രീമതി നേയ്ച്ചൽ സണ്ണി പനവേലി
30. ശ്രീ. വർക്കല രാധാകൃഷ്ണൻ
31. ,, വി. കെ. രാജൻ
32. ,, കാനം രാജേന്ദ്രൻ
33. ,, കെ. ശങ്കരനാരായണപിള്ള
34. ,, എ. കെ. ശശീന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ഡോക്ടർ എ. സുബ്ബറാവു
37. ശ്രീ. എ. വി. താമരാക്ഷൻ
38. ,, സി. കെ. തങ്കപ്പൻ
39. ,, വി. ജെ. തങ്കപ്പൻ
40. ,, പി. സി. തോമസ് (കടുതുരുത്തി)
41. ,, ജി. വരദൻ
42. ,, പി. വിജയദാസ്

അനുകൂലിക്കുന്നവർ — 57

പ്രതികൂലിക്കുന്നവർ — 42

നിഷ്പക്ഷതപാലിക്കുന്നവർ — ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു

ബിൽ പാസ്സായി.

LIBRARY ARCHIVES Kerala Legislative Assembly